DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 21 No. 8, 2010 August 15**

എഡിറ്റോറിയൽ

# ചർച്ച ആവശ്യം

2010 ആഗസ്റ്റ് 1–ലെ ന്യൂ ഇൻഡ്യൻ എക്സ്പ്രസിൽ വീക്ഷണ ബിന്ദു (View Point) എന്ന പംക്തിയിൽ മനോരോഗ ചികിത്സ മനുഷ്യവർഗ്ഗത്തോടു ചെയ്യുന്ന ക്രൂരത (Cruelty Done to Mankind by Psychiatry) എന്നൊരു ലേഖനം ഉണ്ടായിരുന്നു. കോട്ടയം മെഡിക്കൽ കോളജിലെ മനഃശാസ്ത്ര വിഭാഗം Consultant ഡോ. ജോസഫ് ഐസക് ആണ് ലേഖകൻ. മനോരോഗ ചികിത്സകർക്കുനേരെയുള്ള ഒരു തുറന്ന ആക്രമണമാണ് പ്രസ്തുത ലേഖനം. ഇതിലെ പ്രസ്താവനകൾക്ക് ലേഖകൻ അടിസ്ഥാനമായി എടുത്തിരിക്കുന്നത് മനോരോഗ ചികിത്സാരംഗത്തെ ആധികാരികൻ എന്ന് അദ്ദേഹം വിശേഷിപ്പിക്കുന്ന ഡോ. പീറ്റർ ബ്രെഗ്ഗിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളായ 'Brain Disabling Treatments in Psychiatry' 'Toxic Psychiatry' 'Psychiatric Drug Hazards to the Brain' എന്നിവയാണ്. അവയിൽ നിന്നുള്ള ഉദ്ധരണികളും അദ്ദേഹം ആവശ്യാനുസരണം ചേർത്തിട്ടുണ്ട്. പെരുമാറ്റ വൈകൃതമുള്ളവർക്കും മനോരോഗികൾക്കും ഇന്ന് മനോരോഗ വിദഗ്ദ്ധർ (Psychiatrists) നൽകുന്ന ഔഷധങ്ങൾ യഥാർത്ഥത്തിൽ നാഡീ വിഷദ്രവ്യങ്ങ (neuro toxic substances) ളാണെന്നും അവ കഴിക്കുന്നവർക്ക് ഗുണത്തേക്കാൾ അപകടമാണ് വരുത്തുന്നതെന്നുമാണ് ലേഖനത്തിന്റെ ചുരുക്കം. മനോരോഗ ഔഷധങ്ങൾ വാസ്തവത്തിൽ ഒരു രോഗത്തിനും പരിഹാരമല്ല. അവ അവയുടെ ഫലം നൽകുന്നത് മസ്തിഷ്കത്തിന് കേടുവരുത്തിക്കൊണ്ടാണ്. മനോരോഗങ്ങൾ എല്ലാംതന്നെ മരുന്നുകൊണ്ടു ചികത്സിക്കപ്പെടേണ്ടവയല്ല. അതുകൊണ്ട് മനോരോഗികൾക്ക് മരുന്നു നിർദ്ദേശിക്കുന്നതുവഴി മനോരോഗ ചികിത്സകർ ജനത്തെ ചൂഷണം ചെയ്യുകയും വെള്ളനുണ പ്രചരിപ്പിക്കുകയുമാണ് ചെയ്യുന്നത്. മാനസികാരോഗ്യ രംഗത്ത് മരുന്നുകൾക്ക് വളരെ പരിമിതമായ പങ്കേ വഹിക്കാനുള്ളൂ. എന്നിരുന്നാലും സൈക്യാട്രിസ്റ്റുകൾ മനോവൈകല്യമുള്ള സർവ്വർക്കും വിവേചനരഹിതമായി മരുന്നു നൽകിവരുന്നു. യോഗ്യരായ മനശാസ്ത്രജ്ഞരുടെ സേവനം ഇവരുടെ ചികിത്സയിൽ വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നുമില്ല. അത്യധികം അക്രമാസക്തരാകുന്ന ചുരുക്കം മാനസികരോഗികൾക്കേ മരുന്നു പ്രയോഗം ആവശ്യമുള്ളൂ.

മനോരോഗ മരുന്നുകളെല്ലാംതന്നെ അടിസ്ഥാനപരമായി ന്യൂറോടോക്സിക് (neuro toxic) ആണെന്നു പറഞ്ഞല്ലോ. സാഹചര്യ സമ്മർദ്ദം മൂലവും വൈകാരികാവസ്ഥകൊണ്ടും പെരുമാറ്റ വൈകൃതം കാണിക്കുന്നവർക്ക് ഇത്തരം ഔഷധങ്ങൾ നൽകി അവരെ നാഡീരോഗികളാക്കരുത്. സൈക്യാട്രിക് മരുന്നുകളിൽ ഏറ്റവും വ്യാപകമായി ഉപയോഗിക്കപ്പെടുന്നത് ലഘുശാന്തികാരികൾ (minor tranquilizers) ആണ്. മനോവൈകല്യമുള്ള എല്ലാവർക്കും നൽകപ്പെടുന്ന ഇവ ഒരു രോഗവും സുഖപ്പെടുത്തുന്നില്ല. മറിച്ച് മസ്തിഷ്കത്തെ ദുർബലമാക്കുകയാണ് ചെയ്യുന്നത്. വിഷാദവിരുദ്ധ മരുന്നുകൾ (antidepressants) എന്നറിയപ്പെടുന്ന മറ്റൊരു ഔഷധ വിഭാഗവുമുണ്ട്. ഇവയും അതീവ ന്യൂറോടോക്സിക് സ്വഭാവമുള്ളവയാണ്. അവ ഫലം പ്രകടമാക്കുന്നത് മസ്തിഷ്കത്തിന്റെ സാധാരണ പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിച്ചാണ്. മനോവൈകല്യമുള്ള ബഹുഭൂരിപക്ഷം പേർക്കും മരുന്നുകൾ ആവശ്യമില്ല. അവർക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനമേ വേണ്ടൂ. ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ വസ്തുത കണക്കിലെടുക്കാതെ പെരുമാറ്റ വൈകൃതങ്ങൾ പ്രകടമാക്കുന്ന സകലർക്കും വകഭേദമില്ലാതെ മനോരോഗ മരുന്നുകൾ നൽകുന്ന രീതിയാണ് ഇന്നത്തേത്. ഇത് ഗൗരവതരമായ മനുഷ്യാവകാശ ധ്വംസനമാണ്. ഒപ്പംതന്നെ മനുഷ്യവർഗ്ഗത്തോടു കാണിക്കുന്ന അക്ഷന്തവ്യമായ നിഷ്ഠൂരതയും. വൈകാരിക പ്രശ്നമുള്ളവർക്കും പെരുമാറ്റ വൈചിത്രങ്ങൾ കാണിക്കുന്നവർക്കും മസ്തിഷ്ക പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്ന മരുന്നുകൾ നൽകി അവരുടെ ആരോഗ്യനില കൂടുതൽ വഷളാക്കുന്ന ഒരു പ്രവണത മനോരോഗ ചികിത്സാരംഗത്ത്

**EDITORIAL BOARD**

*President*
**H.G.Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editor*
**Fr. Kochuparambil Geevarghese Ramban**

*Technical Adviser*
**Mr. George Paul**

*Members*
**Prof. Dr. M.P.Mathai**
**Fr. Alias Kuttiparichel**
**Fr. Marydas Stephen**
**Fr. Shibu Kurian**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ചർച്ച ആവശ്യം** ................................................ 1

**ചിന്തിക്കാൻ അല്പം** ........................................ 2

**സഭാ ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ – 4** ............. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അമ്മ** ........................................................... 7
സഖേർ

**പ്രതിവാരധ്യാനം**.............................................. 9
ഫാ. ജെറി ജോൺ മാത്യു

**വാൾമുനയിൽ ഒരു ഹൃദയം** ............................... 13
ഫാ. സക്കറിയ തോമസ്

**വാർത്തകൾ – അറിയിപ്പുകൾ**.......................... 15 – 16

പ്രബലമായിത്തീർന്നിട്ടുണ്ട്. ഇങ്ങനെ പോകുന്നു ഡോ. ജോസഫ് ഐസക്കിന്റെ നിരീക്ഷണങ്ങൾ. ആത്മാർത്ഥതയും സാമൂഹ്യപ്രതിബദ്ധതയുമാണ് ഈ ലേഖനത്തിന്റെ പിമ്പിലെങ്കിൽ ലേഖകൻ അഭിനന്ദനം അർഹിക്കുന്നു. ഇതിന്റെ ഉള്ളടക്കം ഞാൻ ഒരു സൈക്യാട്രിസ്റ്റിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു. "അല്പ സത്യങ്ങളും അർദ്ധസത്യങ്ങളും ഇതിൽ ഇല്ലാതില്ല. പൊള്ളത്തരമാണധികവും. പിന്നെ, ഓരോ പ്രൊഫെഷനും അതിന്റേതായ ചില രഹസ്യങ്ങൾ സൂക്ഷിക്കേണ്ടതുണ്ടല്ലോ?" ഇതുകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. "ഇടയ്ക്കിടയ്ക്ക് ഇതുപോലെ ഒരു ബോംബുസ്ഫോടനം നല്ലതാണ്. എന്നേപ്പോലെയുള്ള സൈക്യാട്രിസ്റ്റുകൾക്ക് ആത്മപരിശോധനയ്ക്ക് അത് പ്രേരണ നൽകും."

മനോരോഗചികിത്സയുടെ മറുവശത്തേയ്ക്ക് വെളിച്ചം തൂവുന്ന പ്രസ്തുത ലേഖനം ഒരാവശ്യമെന്നു കരുതാം. തത്സംബന്ധമായി NIE യിൽ വന്നുകൊണ്ടിരിക്കുന്ന പ്രതികരണങ്ങൾ ഈ വിഷയം ജനശ്രദ്ധ നേടിയിരിക്കുന്നു എന്നു വ്യക്തമാക്കുന്നു. സാമാന്യജനത്തിനിടയിൽ ഈ ലേഖനം ഏറെ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ചിട്ടുമുണ്ട്. ആ നിലയ്ക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്സും സൈക്യാട്രിസ്റ്റ്സും ഉൾപ്പെടെയുള്ള ജനപരിഛേദം പങ്കെടുക്കുന്ന ഒരു സജീവ ചർച്ച ഈ വിഷയത്തിൽ ആവശ്യമുണ്ടെന്നു സൂചിപ്പിക്കുകയാണ് ഈ മുഖക്കുറിപ്പിന്റെ ഉദ്ദേശ്യം. അത്തരം ആധികാരികവും സാർത്ഥകവും സമഗ്രവുമായ ഒരു സംവാദത്തിന് വേദിയാകുവാൻ ഡയോസിസൻ ബുള്ളറ്റിൻ സന്നദ്ധമാണ്.

## ചിന്തിക്കാൻ അല്പം


ജീവിതത്തിന്റെ സൗന്ദര്യവും അർത്ഥവും പൂർണ്ണതയിലെത്തുക എപ്പോഴാണ് എന്നു ചോദിച്ചാൽ, ധാരാളം ഉത്തരങ്ങളുണ്ടാവും നമുക്ക്. എല്ലാ ഉത്തരങ്ങളും ശരിയാകണമെന്നില്ല. വിളിയും നിയോഗവും ഏറ്റെടുത്ത് നീതിയും സത്യവും നടപ്പിലാക്കുമ്പോഴാണ് ജീവിതം പൂർണ്ണതയിലെത്തുക. ആദ്യാക്ഷരം കുറിക്കുന്ന ബാല്യത്തിലും ജീവിതയാത്രയുടെ മാറ്റം ഉരുത്തിരിയുന്ന യൗവ്വനത്തിലും ജീവിതസത്യങ്ങളെ നേരിടുന്ന മധ്യവയസ്സിലും അനുഭവങ്ങളും അറിവുകളും സ്വപ്നങ്ങളായി പരിണമിക്കുന്ന വാർദ്ധക്യത്തിലും എല്ലാം നാം തിരയേണ്ടത് ജീവിതനിയോഗത്തിന്റെ സഞ്ചാരപഥങ്ങളാണ്. ഇന്ന് സഭയുടെയും സമൂഹത്തിന്റെയും അപചയം ഈ വഴികളെ തിരിച്ചറിയാതെ പോയതാണ്. അല്ലെങ്കിൽ അറിഞ്ഞിട്ടും ആ വഴികളെ തിരഞ്ഞെടുക്കാതെ പോയതാണ്.

ഇന്നത്തെ ഈ Hightech യുഗത്തിൽ നമ്മുടെ വിരൽത്തുമ്പിൽ ആണ് അനന്തസാധ്യതകൾ നിറഞ്ഞു നിൽക്കുന്ന ലോകം സ്ഥിതിചെയ്യുന്നത്. അപ്പോൾ അറിവുകളുടെ കുറവല്ല അപചയത്തിനു നിദാനം: അറിവുകളിൽ നിന്നു ലഭിക്കുന്ന ഉൾക്കാഴ്ചകൾ നഷ്ടമാകുന്നതാണ്.

*(ശേഷം 14-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# സഭാശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ - 4



ശ്രേഷ്ഠ കാതോലിക്ക പൗലോസ് ദ്വിതീയൻ ബാവയുടെ ദേഹവിയോഗം ആകസ്മികമായിരുന്നു. 1996 സെപ്റ്റംബർ 1-ാം തീയതി എന്റെ ഇടവകപ്പള്ളിയിൽ (പെരിയാമ്പ്ര) അദ്ദേഹം വരേണ്ട ദിവസമായിരുന്നു. എന്റെ ജ്യേഷ്ഠ സഹോദരൻ പുറ്റാനിൽ ജോസഫ് അച്ചന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ഒരു ലഘുഗ്രന്ഥം പ്രകാശനം ചെയ്യേണ്ടിയിരുന്നത് ബാവാ തിരുമേനിയായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ ഏത് ആവശ്യത്തിനും വന്ന് സംബന്ധിക്കുവാൻ ബാവ ഒരിക്കലും മടി പറഞ്ഞിരുന്നില്ല. കാരണം എന്റെ പിതാവുമായുണ്ടായിരുന്ന ഉറ്റ സൗഹൃദം തന്നെ. എന്നാൽ ആ ദിവസം അദ്ദേഹം വന്നുചേർന്നില്ല. അദ്ദേഹത്തിന്റെ ചുമതല ഞാൻ നിർവ്വഹിക്കട്ടെ എന്ന് ചിന്തിച്ചിരിക്കാം. കൂടാതെ ഒരാഴ്ചയായി എന്നോടല്പം അകൽച്ചയും ഉണ്ടായിരുന്നതായി തോന്നി. കാരണം ഒരിക്കലും തനിക്ക് പറയാൻ പാടില്ലാത്തതായ ചിലത് വരിക്കോലി പള്ളിയിൽ വച്ച് കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ അദ്ദേഹം പ്രസ്താവിച്ചിരുന്നു. അതുകൊണ്ട് എന്നോടൊരുമിച്ച് ഒരു ചടങ്ങിൽ- പ്രത്യേകിച്ച് ഞങ്ങളുടെ കുടുംബാഗങ്ങളെല്ലാവരും തന്നെ പങ്കെടുക്കുന്ന ഒന്നിൽ-സംബന്ധിക്കുന്നതിൽ നിന്ന് പിൻവാങ്ങിയതാവണം. യോഗം നടക്കുന്ന സമയത്ത് ബാവാ കാലം ചെയ്ത വിവരം ആരോ എന്നെ അറിയിച്ചു. ഞങ്ങളുടെ പള്ളിയിൽ നടന്ന പരിപാടിയിൽ പങ്കെടുക്കുവാൻ ബാവാ അന്നേദിവസം വരാതിരുന്നതിൽ ഞാൻ എന്റെ ഹൃദയം കൊണ്ട് ദൈവത്തിന് നന്ദി പറഞ്ഞു. ബാവാ കാലം ചെയ്തത് അവിടെ വച്ചായിരുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്തം മുഴുവൻ എന്റെ തലയിൽ കെട്ടിവയ്ക്കുന്നവർക്ക് വിജയവുമാകുമായിരുന്നു. അല്ലെങ്കിൽത്തന്നെ അതുൾപ്പെടെ പല ആരോപണങ്ങൾ പിന്നീട് എന്റെ പേരിൽ ഉന്നയിക്കപ്പെട്ടിരുന്നു. ഞാൻ ബാവാ തിരുമേനിയെ അരമനയിൽ നിന്ന് പുറത്താക്കി; അദ്ദേഹത്തെ പട്ടിണിക്കിട്ടു; മരണത്തിന് സാഹചര്യമൊരുക്കി അങ്ങനെ പോകുന്നു അവ. അദ്ദേഹത്തിന്റെ മരണശേഷം ജനത്തെ വികാരം കൊള്ളിച്ച് സഭൈക്യ പ്രക്രിയ്ക്ക് മുമ്പിട്ടിറങ്ങിയ എന്നിൽ നിന്ന് അവരെ അകറ്റുവാനുള്ള ആസൂത്രിത ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇതെല്ലാം പറഞ്ഞുപരത്തിയത്.

ബാവയുടെ ആസ്ഥാനമായിരുന്ന മൂവാറ്റുപുഴ അരമനയിൽ നിന്ന് അദ്ദേഹത്തെ ഞാൻ പുറത്താക്കിയെന്ന് നേർബുദ്ധിയുള്ള ആർക്കും പറയുവാൻ സാധിക്കുകയില്ല. ദിവന്നാസ്യോസ് തിരുമേനിയെ കൂട്ടുപിടിച്ച് ബാവയെ നേരിടുവാൻ ശ്രമിച്ച ഫിലിപ്പോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ ദുർഗ്ഗതി ആർക്കും അറിയാവുന്നതാണ്. കണ്ടനാട് ഭദ്രാസനത്തിന്റെ അതിർത്തിക്കുള്ളിൽ അദ്ദേഹത്തെ കാലുകുത്തിച്ചില്ല. തോമസ് മാർ ഒസ്താത്തിയോസ് തിരുമേനി അരമനയിൽ നിന്ന് ഒഴിവായി വീട്ടിൽ പോയി താമസിക്കേണ്ട സാഹചര്യം ഉണ്ടായതും ഒരു രഹസ്യമൊന്നുമല്ലല്ലോ. ആർക്കും എടുത്ത് പുറത്തെറിയാവുന്ന ഒരു പാവമൊന്നും ആയിരുന്നില്ല ബാവ എന്നത് ആരെയും ബോധ്യപ്പെടുത്തേണ്ട കാര്യമാണെന്ന് തോന്നുന്നില്ല. ഞാൻ അരമനയിൽ താമസമായപ്പോൾ അദ്ദേഹത്തിന്റെ ഇഷ്ടതാവളമായിരുന്ന പിറമാടം ദയറായിലേക്ക് പിൻവാങ്ങി. കാരണം എന്നെ അദ്ദേഹത്തിന് ഇഷ്ടമായിരുന്നു, വിശ്വാസമായിരുന്നു, അത്രമാത്രം.

അദ്ദേഹത്തിന് ഭക്ഷണം കൊടുത്തില്ല, ചികിത്സയുടെ കാര്യം അന്വേഷിച്ചില്ല, ഇവയൊന്നും അദ്ദേഹം ആരോടും പറഞ്ഞിട്ടുണ്ടാവില്ല. കാരണം പതിനാറ് ഏക്കർ റബ്ബർതോട്ടം സ്വന്തം നിയന്ത്രണത്തിൽ പിറമാടത്തുള്ള ബാവാ തിരുമേനിക്ക് എന്റെയോ ഭദ്രാസനത്തിന്റെയോ സാമ്പത്തിക സഹായം ഭക്ഷണത്തിനും ചികിത്സയ്ക്കും ആവശ്യമില്ല എന്നത് ആർക്കും അറിയാവുന്ന കാര്യമാണ്. എങ്കിലും വർഷം തോറും കോട്ടയ്ക്കൽ നടത്തിയിരുന്ന ചികിത്സയുടെ ചെലവ് ഭദ്രാസനം തന്നെയായിരുന്നു വഹിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണത്തിന് ഞാൻ കാരണമായത് എങ്ങനെ എന്നത് എനിക്കുത്തരം കിട്ടാത്ത കാര്യമാണ്. ഇത് സംബന്ധിച്ച് എനിക്ക് ശുദ്ധമനഃസാക്ഷിയാണുള്ളത്. 1975 മുതൽ അദ്ദേഹത്തെ ലഘുലേഖകളും വാറോലകളും എഴുതി അപമാനിക്കുകയും തേജോവധം ചെയ്യുകയും ഭീഷണികൊണ്ട് ഭയപ്പെടുത്തുകയും, രാത്രി കാലങ്ങളിൽ വന്ന് വെള്ളം, വൈദ്യുതി ഇവ വിച്ഛേദിച്ച് വിഷമിപ്പിക്കുകയും, പാത്രിയർക്കീസ് ബാവായെക്കൊണ്ട് അദ്ദേഹത്തെ മുടക്കിക്കാൻ ശ്രമിക്കുകയും ചെയ്തവർ തന്നെയാണ് ഈ ആരോപണങ്ങൾ ഉന്നയിച്ചത്, എന്നതാണ് സത്യം. ഏതായാലും ഈ അക്രമങ്ങൾ നടത്തിയവരെല്ലാം ബാവയുടെ കാലശേഷം അദ്ദേഹത്തിന്റെ സ്തുതിപാഠകരായി മാറിയതിൽ എനിക്കു സന്തോഷമേയുള്ളു. എങ്കിലും അദ്ദേഹത്തിന്റെ കബറടക്ക സമയത്തുതന്നെ ആരോപണങ്ങൾ ഉന്നയിച്ച് അന്തരീക്ഷം മലീമസമാക്കാതിരിക്കുവാനുള്ള വകതിരിവ് അവർക്ക് കാണിക്കാമായിരുന്നു.

എന്നാൽ ബാവയുടെ അവസാന കാലത്ത് അദ്ദേഹത്തെ എന്നിൽ നിന്നകറ്റാൻ ശ്രമിച്ചവർ കാര്യമായ സാമ്പത്തിക സഹായം അദ്ദേഹത്തിന് നൽകി സ്വാധീനിച്ചായിരുന്നു ആ കാര്യം നേടിയത് എന്നതും പിന്നാലെ എനിക്കു മനസ്സിലായി. ബാവാ തിരുമേനിയുടെ മരണം കഴിഞ്ഞ് വൈകാതെ പിറവത്തുനിന്ന് ഇറങ്ങിയ നോട്ടീസിൽ ബാവയ്ക്ക് പിറവം

പള്ളിയിൽ നിന്ന് നൽകിയ 2 ലക്ഷം രൂപ ഞാൻ അപഹരിച്ചതായി ആരോപിച്ചിരുന്നു. ബാവയുടെ കാലശേഷം ഞാൻ പിറമാടം ദയറായിൽ പോയത് ചാലപ്പുറത്ത് ജോർജ്ജ് അച്ചനും സമുദായ ട്രസ്റ്റി കെ.എ. തോമസും ഒന്നിച്ചായിരുന്നു. അവിടെ പരിശോധനകൾ നടത്തിയത് അവരായിരുന്നു. ഞാനവിടെ എന്തെങ്കിലും പണകാര്യങ്ങളിൽ ഇടപെട്ടു എന്ന് പിന്നീട് കളം മാറ്റിച്ചവിട്ടിയ അവർ പോലും പറയുമെന്ന് എനിക്കു ചിന്തയില്ല. പ്രശ്നം അവിടെ അസാനിക്കുന്നില്ല. എന്തിനാണ് ബാവയ്ക്ക് യാതൊരു സഹായവും കൊടുക്കുക പതിവില്ലായിരുന്ന പിറവം പള്ളിക്കാർ 2 ലക്ഷം രൂപ കൊണ്ടുക്കൊടുത്തത്? പിറവം കോളേജ് സംബന്ധിച്ച് അവരുടെ താല്പര്യത്തിന് കൂട്ടുകിട്ടാത്ത എന്നോട് കണക്കുതീർക്കാൻ പറ്റിയ സന്ദർഭമായി അപ്പോഴുള്ള സാഹചര്യത്തെ മുതലെടുത്തതാണ്. ചെറിയ തുകയ്ക്കൊന്നും ബാവായെ എനിക്കെതിരെ തിരിക്കാൻ പറ്റില്ല എന്നുകണ്ട് അദ്ദേഹത്തിന്റെ വാർദ്ധക്യവും ബലഹീനതയും മുതലെടുത്ത് ഭീമമായ തുക നൽകി അറ്റപ്രയോഗം നടത്തുകയായിരുന്നു. അതിന്റെ കടപ്പാടിലാണ് "ചിലരെല്ലാം ഈ സഭയിൽ നിന്ന് വിട്ടുപോകുന്ന" കാര്യമൊക്കെ മാനേജിംഗ് കമ്മിറ്റിയിൽ (വരിക്കോലി) പ്രസംഗിച്ചത്.

ബാവയുടെ വരിക്കോലിപ്രസംഗം അച്ചടിച്ചു പ്രചരിപ്പിക്കുന്നവർ പ്രസംഗത്തിലെ ഒരു കാര്യം സൗകര്യപ്രദമായി ഒഴിവാക്കുന്നതു കാണാറുണ്ട്. "പോകുന്നവർ പോകട്ടെ. അവരുടെ ഇരട്ടി സംഖ്യമെത്രാന്മാർ എന്റെ ഗർഭപാത്രത്തിൽ നിന്ന് പുറപ്പെടും." അദ്ദേഹത്തിനു പിന്നീട് മെത്രാന്മാർക്ക് പട്ടം കൊടുക്കുവാൻ കഴിഞ്ഞില്ല എന്നതു മാത്രമല്ല, തീരുമാനിച്ചിരുന്നതു പോലെ കോട്ടയം ഭദ്രാസനത്തിലെ ഒരച്ചന്റെ രണ്ട് മക്കൾക്ക് കോറൂയോ സ്ഥാനം കൊടുക്കാൻ പോലും സാധിക്കാതെ ജീവിതം അവസാനിപ്പിക്കേണ്ടിവന്നു. അവർക്ക് ഞാൻ പിന്നീട് പട്ടം കൊടുക്കുകയാണുണ്ടായത്.

മെത്രാൻ സ്ഥാനം നൽകുന്നത് പ്രസവമാണ് എന്നു ഞാൻ ആദ്യം കേൾക്കുകയായിരുന്നു. വൈദീക സ്ഥാനത്തേയ്ക്കും മേൽപ്പട്ട സ്ഥാനത്തേയ്ക്കും ദൈവം വിളിക്കുന്നവർക്ക് സഭയുടെ അംഗീകാരപ്രകാരം ആവശ്യമായ കൃപാനൽവരങ്ങൾ ലഭിക്കുന്നതിന് ഉള്ള ശുശ്രൂഷയാണ് പട്ടം കൊടുക്കൽ എന്നായിരുന്നു എന്റെ ചിന്ത. ഈ ശുശ്രൂഷയിലെ ഒരു കാർമ്മികൻ മാത്രമാണ് പ്രധാന മേൽപ്പട്ടക്കാരൻ. ഈ ക്രമീകരണം സ്വന്ത ഇഷ്ടപ്രകാരമുള്ള പ്രസവമായി കരുതിയതും അത് നടത്തുമെന്ന് പ്രഖ്യാപിച്ചതും നാവിന് പറ്റിയ ഒരു പിഴവായി ദൈവം പരിഗണിച്ച് മോചനം നൽകട്ടെ. ദൈവസന്നിധിയിൽ മേൽപ്പട്ടക്കരാനെങ്കിലും തൃണസമാനനായ മനുഷ്യന്റെ ഗർവ്വിൽ നിന്ന് ഉരുത്തിരിയുന്ന വാക്കുകൾ അറംപറ്റുന്നതായി കാണുമ്പോൾ എന്റെ ഹൃദയം നടുങ്ങുകയാണ്. പ്രഖ്യാപനം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞില്ല അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.

ഇതുസംബന്ധിച്ച് ഇപ്പോഴും ധാരണപ്പിശകുകൾ നിലനിൽക്കുന്നതുകൊണ്ടാണ് ഈ വിശദീകരണം ആവശ്യമായി വന്നത്. നിർണ്ണായക സന്ദർഭങ്ങളിൽ സാമ്പത്തീക പ്രലോഭനങ്ങൾക്ക് വിധേയനായി അഭിപ്രായങ്ങൾ മാറ്റുകയും തത്വങ്ങൾ വിസ്മരിക്കുകയും എന്നും കൂടെ നിന്നവരെ തള്ളിപ്പറയുകയും ചെയ്യുന്നവർ ഗുരുസമാനർ പോലും ആകാമെന്ന് ഞാൻ പഠിച്ചു. ബാവയുടെ മനം മാറ്റം എന്നെ സംബന്ധിച്ച് സ്വന്തം പിതാവിന്റെ ജീവിതത്തിൽ വന്ന വീഴ്ച പോലെ എനിക്ക് ഹൃദയഭാരം സൃഷ്ടിച്ചു. ബാവയുടെ ദേഹവിയോഗം നടന്നിരുന്നില്ലെങ്കിൽ സഭാശുശ്രൂഷാരംഗത്ത് നിന്നുതന്നെ ഞാൻ പിന്മാറാനായിരുന്നു കൂടുതൽ സാധ്യത. കാരണം ബാവയുടെ താല്പര്യത്തിനെതിരെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിന്റെ ആവശ്യപ്രകാരം മേൽപ്പട്ടസ്ഥാനം സ്വീകരിച്ച എനിക്ക് സാധിക്കുമായിരുന്നില്ല. ആ പുണ്യാത്മാവിന് ദൈവം നിത്യസൗഭാഗ്യം നൽകട്ടെ.

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വേർപാടിൽ വ്യക്തിപരമായ ദുഃഖം എനിക്കേറെയുണ്ടായിരുന്നു. കുറേകാലമായി സഭാപ്രശ്നങ്ങൾ കൂട്ടായി ചിന്തിക്കാൻ സൗകര്യം കിട്ടിയതിന്റെ ഫലമായി ഉണ്ടായ ബന്ധം മുറിഞ്ഞതിന്റെ ദുഃഖമായിരുന്ന അത്, എന്നാലതിലേറെ സഭാ സമാധാന പ്രക്രിയയ്ക്ക് ഏറ്റ പ്രഹരമായിട്ടാണ് അദ്ദേഹത്തിന്റെ വേർപാട് എനിക്ക് അനുഭവപ്പെട്ടത്. സഭയിൽ നീതിപൂർവ്വമായ ഒരു സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹിച്ച മറ്റൊരു മെത്രാപ്പോലീത്ത ഓർത്തഡോക്സ് സഭയിൽ ഉള്ളതായി ആ സമയത്ത് എനിക്ക് അനുഭവപ്പെട്ടിരുന്നില്ല. ഐക്യപ്രക്രിയയെ ദിശാബോധത്തോടും നിശ്ചയദാർഢ്യത്തോടും തിരിച്ചുവിടാനുള്ള പക്വതയും ചിന്താശേഷിയും മറ്റാരേക്കാളും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ സ്വതന്ത്രമായി ഈ കാര്യത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള സാഹചര്യം സഭയിൽ ലഭ്യമല്ലാതിരുന്നതിന്റെ വ്യഥ ഈ സമയങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം വളർത്തി, വലുതാക്കി, സ്ഥാനങ്ങളിലെത്തിച്ചവർ പോലും സഭാപുനരൈക്യം എന്ന കുലീന താല്പര്യത്തിനുവേണ്ടി അദ്ദേഹം നേതൃത്വം നൽകിയപ്പോൾ സഭാതാല്പര്യങ്ങൾ അവഗണിച്ച് അദ്ദേഹത്തിന് പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരുന്നതിന്റെ ദുഃഖം അദ്ദേഹത്തിന്റെ വാക്കുകളിൽ എന്നും പ്രതിഫലിച്ചിരുന്നു. വളരെ നിർണ്ണായകമായ ഒരു സമയത്ത് അദ്ദേഹത്തിന്റെ വിടവാങ്ങൽ ദൈവം എന്തിന് അനുവദിച്ചു എന്നത് ഇന്നും ഉത്തരം കിട്ടാത്ത സമസ്യയാണ്.

ശ്രേഷ്ഠ കാതോലിക്കാ ബാവാ കാലം ചെയ്തു. അപ്പോഴും ഘടനാപരമായി സഭ രണ്ടായി നിലനിന്നിരുന്നതിനാൽ കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ ഒരു പകരക്കാൻ ആവശ്യമായിരുന്നു. ഐക്യത്തിനു വേണ്ടി ശ്രമിക്കുന്ന ആരെങ്കിലും എപ്പിസ്കോപ്പൽ സംവിധാനത്തിന്റെ അധ്യക്ഷസ്ഥാനത്ത് വന്നില്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ ആർക്കും കണക്കുകൂട്ടാമായിരുന്നു. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയോട് ചുമതല ഏറ്റെടുക്കാൻ ഞാൻ നിർബന്ധിച്ചെങ്കിലും അദ്ദേഹം അതിനു വഴിപ്പെട്ടില്ല. സുന്നഹദോസിൽ ഭൂരിപക്ഷം ഉണ്ടാക്കുന്നത് അന്ന് വലിയ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നില്ല.

ഉറച്ച് ചുമതല ഏല്പിക്കാൻ ആവശ്യമായ വിശ്വാസ്യത മറ്റാർക്കും ഉള്ളതായി എനിക്ക് ബോദ്ധ്യമില്ലായിരുന്നു. അതുകൊണ്ട് തെരഞ്ഞെടുപ്പിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചുമില്ല. കോട്ടയം ഭദ്രാസനത്തിന്റെ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ സീനിയോരിറ്റി പ്രകാരം എപ്പിസ്കോപ്പൽ സുന്നഹദോസ് പിന്നീട് അതിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു.

സുപ്രീം കോടതിവിധിയെത്തുടർന്ന് സഭയിലുണ്ടായ സന്നിഗ്ദ്ധാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനു വേണ്ടി പാത്രിയർക്കീസ് ബാവ സുന്നഹദോസ് അംഗങ്ങളെ ദമാസ്കസിലേയ്ക്ക് ക്ഷണിച്ചു. കലാപകാരികളെ കൂട്ടിക്കൊണ്ടുപോയി അവിടെ ബഹളം സൃഷ്ടിക്കുവാനുള്ള സാധ്യത ഇല്ലാത്തതുകൊണ്ട് ഐക്യവിരുദ്ധ പിതാക്കന്മാർ അതിന് ഉടക്കുണ്ടാക്കി. അതുകൊണ്ട് ആ ഉദ്യമം വിജയിച്ചില്ല.

എന്നാൽ പാത്രിയർക്കീസ്ബാവയെ സന്ദർശിച്ച് ഇവിടത്തെ സാഹചര്യങ്ങളും സാധ്യതകളും അദ്ദേഹത്തെ അറിയിച്ച് പരിഹാരത്തിനായി അദ്ദേഹത്തോട് ഇടപെടുവാൻ അഭ്യർത്ഥിക്കുവാൻ കണ്ടനാട് ഭദ്രാസന കൗൺസിൽ എന്നോട് ആവശ്യപ്പെട്ടു. യാത്രക്കൂലിക്ക് ആവശ്യമായ പണവും കൗൺസിൽ അംഗങ്ങൾ തന്നെ സമാഹരിച്ച് യാത്ര ക്രമീകരിച്ചു. എബ്രഹാം മാർ സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എ ന്നീ മെത്രാപ്പോലീത്താമാരും ഈ ശ്രമത്തിൽ പങ്കുചേർന്നു.

ഇവരെ കൂടാതെ യൂഹാനോൻ മാർ ഫിലക്സിനോസ്, ജോസഫ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരും പാത്രിയർക്കീസ് ബാവയെ സന്ദർശിക്കുവാൻ കൂടെ വരാമെന്ന് സമ്മതിച്ചിരുന്നു. ഇതിൽ മാർ ഫിലക്സിനോസ് പിന്നീട് സ്വയം ഒഴിവായി. മാർ ഗ്രീഗോറിയോസാണ് യാത്രാപരിപാടികൾക്കു വേണ്ട ക്രമീകരണച്ചുമതല ഏറ്റിരുന്നത്. എന്നാൽ വിമാനത്താവളത്തിൽ ചെന്നപ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. ടെലിഫോണിൽ പോലും ആൾ ലഭ്യമായുമില്ല. പിന്നീടാണ് അദ്ദേഹം നിലപാട് മാറ്റിയെന്നറിഞ്ഞത്. ഐക്യഭ്രമം കയറി കുമരകം ആറ്റാമംഗലം പള്ളിയിൽ വച്ച് അദ്ദേഹം പരിസരം മറന്ന് എന്തോ പറഞ്ഞതിന് ആ പള്ളിക്കാർ അദ്ദേഹത്തെ കൈകാര്യം ചെയ്തിരുന്നു. അതിന് നാടുനീളെ അന്ത്യോഖ്യരെ ഭള്ളു പറഞ്ഞു നടന്നിരുന്ന കൊച്ചുപിതാവ് പറഞ്ഞ മാത്രയിൽ തികഞ്ഞ അന്ത്യോഖ്യാ ഭക്തനായി മാറിയിരുന്നു. ശ്രേഷ്ഠ ബാവായുടെ വരിക്കോലി പ്രസംഗത്തിന് ആദ്യ വിമർശനപ്രതികരണം അദ്ദേഹത്തിന്റെ വകയായിരുന്നു. അദ്ദേഹ ത്തെ ബ്ലാക്ക് മെയിൽ ചെയ്യാനുള്ള എന്തോ സാധനം ദിവന്നാസ്യോസ് തിരുമേനി പുറത്താക്കുമെന്ന വിവരം അറിഞ്ഞതോടെ അദ്ദേഹം തികഞ്ഞ അന്ത്യോഖ്യാ ഭക്തനും ദിവന്നാസ്യോസ് തിരുമേനിയുടെ വിനീത വിധേയനുമായി ത്തീർന്നു എന്നാണ് പിന്നാമ്പുറ സംസാരം. ഓരോരുത്തരുടെയും വിശ്വാസതീവ്രതയുടെ അടിസ്ഥാനം തിരക്കിയാൽ ഇതുപോലെ എന്തെങ്കിലുമൊക്കെ ആണെന്ന് കണ്ടെത്താം. ഏതായാലും നേതൃത്വ നിരയിലും പൊഴിച്ചിൽ ആരംഭിച്ചു എന്ന് ഈ സംഭവം വെളിപ്പെടുത്തി.

പാത്രിർക്കീസ് ബാവ വളരെ ഹൃദ്യമായി ഞങ്ങളെ അരമനയിൽ സ്വീകരിച്ചു. സഭാവിഷയം സംസാരിക്കുവാനായി ഞങ്ങൾ പല പ്രാവശ്യം പാത്രിയർക്കീസ് ബാവായെ കണ്ടു. 1995 ഓഗസ്റ്റിലെ തന്റെ കല്പനയിലെ നിലപാടിൽ താൻ ഉറച്ചു നിൽക്കുന്നു എന്നും അതുകൊണ്ട് ഐക്യത്തിനു വേണ്ടിയുള്ള ഞങ്ങളുടെ ശ്രമം തുടരണമെന്നും അദ്ദേഹം ഞങ്ങളോട് പറഞ്ഞു. ഐക്യക്രമീകരണത്തിന്റെ വിശദാംശങ്ങൾ മലങ്കര എപ്പിസ്കോപ്പൽ സിനഡിൽ തീരുമാനം എടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പ്രശ്നപരിഹാരത്തിന് സഹായിക്കുവാനായി ഒരു ഔദ്യോഗിക പ്രതിനിധിസംഘത്തെ കേരളത്തിലേയ്ക്ക് അയയ്ക്കാമെന്നും അദ്ദേഹം ഉറപ്പു നല്കി. മലങ്കരസഭാ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പൊതുവേ ഒരു ഉൾവലിവ് അദ്ദേഹത്തിന് അനുഭവപ്പെടുന്നതായി തോന്നാറുണ്ടായിരുന്നു. ഏതാണെങ്കിലും സന്തോഷകരമായ ഒരു കൂടിക്കാഴ്ചയായിരുന്നു അത്.

1996 നവംബറിൽ പാത്രിയർക്കീസ് ബാവ പറഞ്ഞിരുന്ന പ്രകാരം യൂഹാനോൻ മാർ ഗ്രീഗോറിയോസ്, മാത്താറോഹോം മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരെ കേരളത്തിലേയ്ക്കച്ചു. നവംബർ 5–ാം തീയതി പെരുമ്പള്ളി മാർ യൂലിയോസ് സെമിനാരിയിൽ വച്ച് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് നടന്നു. പാത്രിയർക്കീസ് ബാവ അയച്ചിരുന്ന മെത്രാപ്പോലീത്താമാരുടെ സാന്നിധ്യവും സിനഡിൽ ഉണ്ടായിരുന്നു. സിനഡിന്റെ അജണ്ട താഴെ പറയുന്ന പ്രകാരം ക്രമീകരിച്ചു.

1) പാത്രിയർക്കീസ് ബാവായുടെ 1995 ലെ പുനരൈക്യ കല്പന നടപ്പിലാക്കുക.

2) പിറമാടം, മലേക്കുരിശ് ദയറാകൾ സംബന്ധിച്ച്.

3) സുന്നഹദോസിന്റെ ഐക്യം പുനഃസ്ഥാപിക്കുക.

4) അങ്കമാലി ഭദ്രാസനം.

ഈ അജണ്ടയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ സുന്നഹദോസ് എടുത്തു.

1. പരി. പാത്രിയർക്കീസ് ബാവായുടെ 1995 ആഗസ്റ്റ് 1 ലെ കല്പന പ്രകാരം സഭ യോജിക്കുവാൻ തീരുമാനിച്ചു. സഭയുടെ വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കേണ്ടത് എപ്പിസ്കോപ്പൽ സുന്നഹദോസ് ആകയാൽ സുന്നഹദോസിന്റെ ഏകകണ്ഠമായ തീരുമാന പ്രകാരം പാത്രിയർക്കീസ് ബാവായോട് സഭായോജിപ്പിനുള്ള കല്പന അയയ്ക്കുവാൻ അപേക്ഷിക്കുവാൻ നിശ്ചയിച്ചു. കാതോലിക്കോസിന്റെ പേരിൽ ഉണ്ടായ നടപടികൾ പിൻവലിച്ച് അദ്ദേഹത്തെ സ്വീകരിച്ച് കല്പന അയയ്ക്കുവാൻ അപേക്ഷിക്കുവാൻ തീരുമാനിച്ചു.

2. ദയറാകൾ സംബന്ധിച്ച്

(a) പിറമാടം ദയറാ: കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ. തോമസ് അത്താനാസ്യോസ് മെത്രാപ്പോലീത്ത 5 പേരടങ്ങുന്ന കമ്മിറ്റിയുടെ അദ്ധ്യക്ഷനായി പിറമാടം ദയറായുടെ ഭരണം നടത്തുന്നതാണ്.

(b) മലേക്കുരിശ് ദയറാ മലങ്കരസഭയുടെ പൊതുസ്ഥാപനമായിരിക്കും. ഡോ. തോമസ് അത്താനാസ്യോസ് മെത്രാപ്പോലീത്ത പ്രസിഡന്റായും, ബെന്യാമിൻ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കമ്മിറ്റി അംഗമായും നിയമിക്കപ്പെടുന്ന ക്രമത്തിൽ ഭരണം നിർവ്വഹിക്കേണ്ടതാണ്.

3. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സ്ഥിരം അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു.

4. അങ്കമാലി ഭദ്രാസനത്തിന്റെ മേഖലാ സമ്പ്രദായം ഇന്നത്തേതുപോലെ തുടരും. മെത്രാപ്പോലീത്താമാർ തമ്മിൽ എന്തെങ്കിലും തർക്കമുണ്ടായാൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ഇടപെട്ട് പരിഹാരം ഉണ്ടാക്കേണ്ടതാണ്.

5. പാത്രിയർക്കീസ് ബാവായുടെ പ്രതിനിധികൾ കാതോലിക്കാബാവായെ ദേവലോകം, പഴയ സെമിനാരി എന്നിവിടങ്ങൾ ഒഴിവാക്കി സന്ദർശിക്കേണ്ടതാണ്.

യോഗത്തിന്റെ തീരുമാനം പരി. പാത്രിയർക്കീസ് ബാവായെ ടെലിഫോൺ മുഖേന അറിയിച്ച് വാക്കാലുള്ള അംഗീകാരം വാങ്ങിയതായി മാർ ഗ്രീഗോറിയോസ് യൂഹാനോൻ മെത്രാപ്പോലീത്ത സുന്നഹദോസിൽ പ്രഖ്യാപിച്ചു. തുടർന്ന് പ്രാർത്ഥന, ആശീർവ്വാദം എന്നിവയോടെ യോഗം അവസാനിച്ചു. സഭാസമാധാനത്തിന് എപ്പിസ്കോപ്പൽ സുന്നഹദോസ് ഏകകണ്ഠമായി തീരുമാനിച്ചതും, അതിനെ പരിശുദ്ധ പാത്രിയർക്കീസ് ബാവ അംഗീകരിച്ചതും എനിക്കുണ്ടാക്കിയ സന്തോഷം വളരെ വലുതായിരുന്നു.

പരി. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം 6-11-1996 ൽ ചേർന്ന സുന്നഹദോസിൽ പാത്രിയർക്കീസ് ബാവായ്ക്ക് അയയ്ക്കുന്ന അപേക്ഷ വായിച്ചുകേട്ട് അംഗീകാരം നൽകി. ആ കത്തിന്റെ പ്രധാനഭാഗം ഇപ്രകാരമായിരുന്നു. "1996 നവംബർ 5-ാം തീയതി ചേർന്ന മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് 1995 ലെ സുപ്രീംകോടതി വിധി മാനിച്ച് 95 ഓഗസ്റ്റ് 1-ാം തീയതി പരി. പാത്രിയർക്കീസ് ബാവാ അയച്ച E 175/95 കല്പന പ്രകാരം മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാനായി അപേക്ഷിക്കുവാൻ ഏകകണ്ഠമായി തീരുമാനിച്ചു. അതുമായി ബന്ധപ്പെട്ട് കാതോലിക്കോസിന്റെയും ആ വിഭാഗത്തിന്റെയും പേരിൽ സ്വീകരിച്ചിട്ടുള്ള ശിക്ഷാനടപടികൾ അവരുടെ മനസ്സിനെ വ്രണപ്പെടുത്താതെയും അന്തസ്സിനെ ചോദ്യം ചെയ്യാതെയും പിൻവലിക്കണമെന്ന് അപേക്ഷിക്കുന്നു." ഈ കത്ത് 9-11-1996 ൽ യൂഹാനോൻ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വഴി പാത്രിയർക്കീസ് ബാവായ്ക്ക് കൊടുത്തയച്ചു.

ഏതാനും കാര്യങ്ങൾ ഈ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് ചിന്തിക്കേണ്ടതാണ്.

1. കാതോലിക്കോസ് പക്ഷത്തിന് വിശ്വാസപരമായി ന്യൂനതകളില്ല. അതിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷാനടപടികൾ പിൻവലിച്ച് ആ ഭാഗത്തെ അംഗീകരിക്കുവാൻ തയ്യാറായത്.

2. ഈ തീരുമാനവും കത്തിന്റെ ഉള്ളടക്കവും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് ഏകകണ്ഠമായി അംഗീകരിച്ചതാണ്. ഈ തീരുമാനങ്ങൾ റദ്ദുചെയ്യുകയോ പുനഃപരിശോധനകൾ നടത്തുകയോ ചെയ്തിട്ടില്ല.

3. ഈ തീരുമാനങ്ങൾക്ക് പരി. പാത്രിയർക്കീസ് ബാവ വാക്കാൽ അംഗീകാരം നൽകിയതായി അന്ത്യോഖ്യാ പ്രതിനിധി സംഘം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാകുന്നു.

ഈ തീരുമാനങ്ങൾ നടപ്പാക്കുന്നത് ഇതിൽ കയ്യൊപ്പിട്ടവർതന്നെ ചേർന്ന് അട്ടിമറിച്ചിരിക്കാം. എന്നാൽ ഇതിൽ ഒപ്പിട്ട എനിക്ക് ഈ തീരുമാനത്തോട് കൂറുപുലർത്താൻ ധാർമ്മികമായ ഉത്തരവാദിത്തവും ബാധ്യതയുമുണ്ട്. ആ ബൗദ്ധികവും ധാർമ്മികവുമായ സത്യസന്ധതയാണ് ഇന്നത്തെ ഈ സാഹചര്യത്തിൽ എന്നെ എത്തിച്ചത്.

സുന്നഹദോസ് തീരുമാനങ്ങളുടെ ഭാവി എന്തായിരിക്കുമെന്ന് സുന്നഹദോസ് അംഗങ്ങൾ ചോദ്യം ഉന്നയിച്ചു. രണ്ടാഴ്ചയ്ക്കകം ഇതംഗീകരിച്ച് പാത്രിയർക്കീസ് ബാവായുടെ കല്പന ഉണ്ടാകുമെന്ന് പാത്രിയർക്കീസ് ബാവയുടെ പ്രതിനിധികളായി വന്ന മെത്രാപ്പോലീത്താമാർ ഉറപ്പു നൽകി. അവരെ യാത്രയയ്ക്കുവാനായി പോയ എനിക്കും വ്യക്തിപരമായി ഇതേ ഉറപ്പുതന്നെയാണ് അവർ നല്കിയത്. പക്ഷേ ഒന്നും സംഭവിച്ചില്ല. കല്പനയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പ് വെറുതെയായി. ഒപ്പിട്ടവരിൽ ത്തന്നെ ചിലർ തീരുമാനങ്ങൾ അട്ടിമറിക്കുവാൻ ശ്രമിച്ചു. പാത്രിയർക്കീസ് ബാവാ അതിനു കൂട്ടുനിന്നു അതാണ് സംഭവിച്ചതും. സഭയിൽ വലിയ സ്ഥാനത്തിരിക്കുന്നവരുടെ സത്യസന്ധതയില്ലായ്മയും സ്വാർത്ഥതയും എനിക്ക് ഒരിക്കൽക്കൂടി ബോധ്യപ്പെട്ടു.

സഭയിൽ വിള്ളലുകളും പിളർപ്പുകളും സൃഷ്ടിക്കുന്നതിലും അത് നിലനിർത്തുന്നതിലും മേൽപ്പട്ടക്കാർക്കുള്ള പങ്ക് വളരെ നിർണ്ണായകമാണ്. ഓരോ വിഭാഗത്തിലും പെട്ടവർ ഇപ്രകാരം പ്രവർത്തിച്ചവരെ വിശുദ്ധരും വിശ്വാസസംരക്ഷകരും ഒക്കെയായി പിൽക്കാലങ്ങളിൽ വിശേഷിപ്പിക്കുന്നു. വിശ്വാസം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള കള്ളക്കാർഡുകളെല്ലാം കളിക്കുന്നത് സഭയുടെ നന്മയ്ക്കല്ല, സ്വന്തം അധികാരം നിലനിർത്താനാണ്. ഈ വിവരം ഇതിന്റെ നിലനിൽപിനെന്ന പേരിൽ ചൂഷണത്തിന് വിധേയരാകുന്ന സാധാരണ ജനങ്ങൾ തിരിച്ചറിയുന്നില്ല. സഭയിൽ ഐക്യവും ക്രിസ്തുസാക്ഷ്യവുമാണ് പ്രധാനമെന്ന് മറക്കുന്ന ഇടയന്മാരെപ്പറ്റിയാണ് യിരമ്യാപ്രവചനത്തിൽ പറയുന്നത്. "എന്റെ മേച്ചിൽപ്പുറത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയന്മാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ എന്റെ ആട്ടിൻകൂട്ടത്തെ സൂക്ഷിക്കാതെ അവയെ ചിതറിച്ച് ഓടിച്ചു കളഞ്ഞിരിക്കുന്നു. ഇതാ ഞാൻ നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെക്കുറിച്ച് നിങ്ങളോടു ചോദിക്കും. ഇത് യഹോവയുടെ അരുളപ്പാട്" (യിരമ്യാവ് 23:1-3). സഭയിലെ തങ്ങളുടെ ചുമതലയും നിയോഗവും വിസ്മരിച്ച് സ്വന്ത സ്ഥാപിത താല്പര്യങ്ങൾക്കുവേണ്ടി ദൈവഹിതത്തിനും ഉപരിയായി പ്രാധാന്യം നൽകുന്ന ഇടയസമൂഹത്തിനുണ്ടാകുന്ന ദുർഗതിയെപ്പറ്റിയാണ് ഇവിടെ സൂചന. ഓരോ കാലത്തുമുള്ള സഭാമേലദ്ധ്യക്ഷന്മാർ ഇത് ഓർക്കുന്നത് നല്ലതാണ്.

ഈ സമയമായപ്പോഴേയ്ക്കും കെട്ടിക്കിടന്നിരുന്ന സഭാകേസ്സുകൾ സജീവമായി. 1934-ലെ സഭാഭരണ

ശിഖ

# അമ്മ

**സഖേർ**

"മഴ തോർന്നു;
പക്ഷേ
അമ്മ
തോർന്നില്ല"

സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. "അമ്മമാരെ സ്നേഹിക്കാൻ നാം ഇതുവരെ പഠിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്."

ഇങ്ങനെയൊരു കഥ കേട്ടിട്ടുവുമോ? ഇല്ലെങ്കിൽ കേട്ടിരിക്കണം. വളരെ പ് ഒരു നാട്ടിലെ ചെറുപ്പക്കാരെല്ലാം ചേർന്ന് ഒരു തീരുമാനമെടുത്തു. വീട്ടിലെ പ്രായമായവരെ ഉപേക്ഷിക്കുക. ഉപയോഗമില്ലാത്ത അപ്പനെയും അമ്മയെയും കാട്ടിനുള്ളിൽ തള്ളുക! രാജാവും ചെറുപ്പക്കാരനായിരുന്നതുകൊ് പെട്ടെന്നാണ് കല്പനയുായത്. അതിൻ പ്രകാരം ഒരു യുവാവ് തന്റെ അമ്മയെയും കൂട്ടി കാട്ടിനുള്ളിലേയ്ക്ക് പോവുകയാണ്. വള്ളിച്ചെടികളൊക്കെ വകഞ്ഞുമാറ്റി ധൃതിയിലാണ് പോവുക. അമ്മയ്ക്ക് ഒപ്പമെത്താനാവുന്നില്ല. കുറെയധികം കഴിഞ്ഞ് അയാൾ തിരിഞ്ഞുനോക്കുമ്പോൾ വളരെ പിന്നാക്കം നിന്ന് കിതയ്ക്കുന്ന അമ്മയെ കു. മകൻ അമ്മയെ ഉച്ചത്തിൽ ശാസിച്ചു.

'എനിക്ക് തിരികെ പട്ടണത്തിലേയ്ക്ക് പോകേതാണെന്ന് അറിയില്ലേ. ഒന്നുവേഗം നടന്നുകൂടേ?' അത് കേൾക്കാത്ത മട്ടിൽ അമ്മ വഴിയിലേയ്ക്ക് കുനിഞ്ഞ് എന്തൊക്കെയോ നുള്ളിപ്പെറുക്കി ദൂരത്തേക്ക് മാറ്റുന്നു്.

രാം പ്രാവശ്യവും മകൻ അമ്മയോട് കയർത്തു. ഇത്തവണ അമ്മ മുഖമുയർത്തി. വാത്സല്യത്തിന്റെ ഒരു കടലിരമ്പുന്നു് ആ കണ്ണുകളിൽ. അമ്മ മകനോട് പറഞ്ഞു.

"കുഞ്ഞേ, എനിക്കറിയാം നിനക്കേറെ തിരക്കുന്നെ്. എന്നെ കാട്ടിനുള്ളിലെത്തിച്ച ശേഷം നീ പട്ടണത്തിലേയ്ക്ക് വേഗത്തിൽ മടങ്ങിപ്പോകും. നിന്റെ തിടുക്കം നിന്റെ പാദങ്ങളെ മുറിവേല്പിക്കാതെ ഇരിക്കുന്നതിന് ഈ നിരത്തിലെ മുള്ളുകളും കല്ലുകളും ഞാനെടുത്ത് കളയുകയായിരുന്നു."

അമ്മയ്ക്ക് കൂടുതലൊന്നും പറയാനുായിരുന്നില്ല.

മകനും.

അല്ലെങ്കിലും അമ്മമാർ അധികമൊന്നും പറയാറില്ലല്ലോ! അവരെല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുകയാണ് ചെയ്യുക.

– സത്യമായും ഞാൻ നിങ്ങളോടു പറയുന്നു: "നമുക്കുവേി പ്രാർത്ഥിക്കുന്നതിന് ഒരമ്മയുാവുക എന്നത് ഒരു വലിയ പുണ്യം തന്നെയാണ്."

വിചാരങ്ങൾക്ക് കരുത്തും ബോധ്യങ്ങൾക്ക് ആഴവുമുായിരുന്ന ഒരു പുത്രൻ ഭാരതാംബയ്ക്കുായിരുന്നു. സ്വാമി വിവേകാനന്ദൻ എന്ന മകന്റെ തേജസ്സുള്ള വാക്കുകൾ ഇങ്ങനെയാണ് കർണ്ണപുടങ്ങളിൽ തുള്ളിച്ചാടുക. "ഞങ്ങൾ ഭാരതീയർ അമ്മ മരിക്കുന്നതിനു മുമ്പ് മരിക്കുന്നെങ്കിൽ അമ്മയുടെ മടിയിൽ തലവച്ചു മരിക്കാനാണ് ഞങ്ങൾക്കിഷ്ടം. കാമത്തിനും മാംസവാസനകൾക്കും അടുക്കാൻ പാടില്ലാത്തതായി അമ്മയെന്നല്ലാതെ മറ്റേതുപേരു്."

നമ്മുടെ ചുറ്റും 'മുടിയനായ അപ്പന്മാർ' വല്ലാതെ പെരുകുന്നു്. 'മകൾക്ക്' ജീവിക്കാനാവാതെ വരുമ്പോൾ അമ്മ വിചാരം ഒരു തിരിച്ചറി

---

ഘടന പള്ളികൾക്ക് ബാധകമാക്കിയിരുന്നതിനാൽ കേസ്സിലുൾപ്പെട്ട പാത്രിയർക്കീസ് വിഭാഗം ഭരണം നടത്തുന്ന പള്ളികളെ സംബന്ധിച്ച് തീരുമാനം എടുക്കേണ്ട സമയമായി. മണ്ണത്തൂർ സെയ്ന്റ് ജോർജ് പള്ളിയിലെ കേസ്സിൽ ഇടവക മെത്രാപ്പോലീത്തയായ എന്നോടുപോലും ആലോചിക്കാതെ 1934 ലെ ഭരണഘടന അംഗീകരിച്ച് പള്ളിക്കാർ സത്യവാങ്മൂലം കൊടുത്തു. അതിനുശേഷം അവിടത്തെ അച്ചനും പാത്രിയർക്കീസ് കക്ഷിനേതാക്കന്മാരും കൂടി വന്ന് ഞാനും സത്യവാങ്മൂലം ഒപ്പിട്ട് കോടതിയിൽ കൊടുക്കണമെന്ന് എന്നോട് അഭ്യർത്ഥിച്ചു. 1996 നവംബറിലെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം അവർ ആവശ്യപ്പെട്ട പ്രകാരം ചെയ്തുകൊടുക്കാതിരിക്കാൻ സാധിക്കുമായിരുന്നില്ല. കൂടാതെ സുപ്രീംകോടതി വിധി എനിക്ക് നിയമപരമായി ബാധകമായിരുന്നു. സഭൈക്യത്തിനുവേണ്ടി നിലപാടെടുത്ത മെത്രാപ്പോലീത്ത എന്ന നിലയിൽ ആ നിലപാടിന് അനുസൃതമായി പള്ളിയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കണം എന്നതുകൊണ്ട് പള്ളിക്കാരുടെ ആവശ്യപ്രകാരം ഞാൻ 1934 ലെ ഭരണഘടന അംഗീകരിച്ച് സത്യവാങ്മൂലം നൽകി. കോടതി അത് അംഗീകരിക്കുകയും ചെയ്തു. അങ്ങനെ കോടതിവിധി പ്രകാരം പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു ഭദ്രാസനാദ്ധ്യക്ഷൻ ആദ്യമായി സഭാഭരണഘടന ഔപചാരികമായി അംഗീകരിച്ചു. എന്നോട് സത്യവാങ്മൂലം കൊടുക്കുവാൻ ആവശ്യപ്പെട്ട പള്ളി പ്രമാണിമാർ സൗകര്യം വന്നപ്പോൾ പാദം മാറ്റിച്ചവിട്ടി. എന്നോടൊപ്പം ഉറച്ച നിലപാടെടുത്ത മണ്ണത്തൂർ പള്ളി വികാരി മണ്ണാത്തിക്കുളത്തിൽ ഏലിയാസ് അച്ചനും ശുശ്രൂഷകൻ ജോയ് തോമസും മർദ്ദനങ്ങൾക്കും അസഭ്യവർഷത്തിനും വിധേയരായത് ഇവരിൽ നിന്നുതന്നെയാണ്. താല്ക്കാലിക നിലനില്പിനു വേണ്ടി സാഹചര്യം അനുസരിച്ച് പ്രവർത്തിക്കുകയും സൗകര്യം കിട്ടുമ്പോൾ സത്യലംഘനം നടത്തുകയും ചെയ്യുന്നവർ കൂട്ടത്തിലുണ്ട് എന്നതിന്റെ മറ്റൊരു സൂചനയുമായിരുന്നു ഇത്. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

വെന്നോണം നമ്മിലുണരണം. അമ്മയെ നാം കൊാടണം.

–സത്യമായും ഞാൻ നിങ്ങളോട് പറയുന്നു. "ദൈവത്തിനു പോലും അമ്മയെ ഉപേക്ഷിക്കാനാവില്ല."

അടുപ്പ് പുകയുന്നു്. അമ്മ അപ്പം ചുട്ടെടുത്ത് വന്നപ്പോഴേയ്ക്കും മകൻ ഇറങ്ങിയോടിക്കഴിഞ്ഞു. മേശയ്ക്കടിയിൽ പതുങ്ങിയിരുന്ന ഉണ്ണിയുടെ ചെവിയിൽ മൃദുവായൊന്ന മർത്തി അവനെ തന്റെ മടിയിൽ എടുത്തുവച്ചിട്ടാണ് അമ്മ അപ്പം നുറുക്കിത്തുടങ്ങിയത്. അമ്മയെ സാകൂതം നോക്കിക്കൊാണ് കുഞ്ഞ് ചോദിക്കുക.

"അമ്മേ, അമ്മയെന്തിനാണ് ഇത്രയും മെല്ലെ അപ്പം മുറിക്കുന്നത്. അതിനു ജീവനുാേ? വേദനയുാകുമോ?"

ഒരു ചെറു പുഞ്ചിരിയോടെയാവും അമ്മ ജീവനുള്ള അപ്പത്തെക്കുറിച്ച് പറഞ്ഞുകൊടുത്തിട്ടുാവുക. അപ്പത്തിന്റെ ജീവചരിത്രത്തിൽ എന്തെല്ലാം നിലീനമാവും. ഗോതമ്പ് പാടങ്ങളും നടവരമ്പുകളും കലപ്പയും നുകവും വിത്തും വിതക്കാരും കൊയ്ത്തും വിളഞ്ഞ കതിരുകളും നിലത്തു വീണുപോയ ഗോതമ്പുമണികളും കറ്റകളും കളപ്പുരയും ഗോതമ്പ് പൊടിക്കുന്നവരും തിരികല്ലും കുഴച്ചു വയ്ക്കുന്നതും പുളിപ്പും കനലുകളും ഒക്കെ കടന്നുവന്നിട്ടുാകും. ഉപമകളൊക്കെ ഇങ്ങനെയാണല്ലോ ഉാവുക. എല്ലാത്തിനുമുപരി അപ്പം മുറിക്കുകയും നൽകുകയും ചെയ്യുന്നതിന്റെ കലയും ഒരമ്മയ്ക്കല്ലാതെ ആർക്കാണ് ഇത്രയും ഭംഗിയായും തന്മയത്വത്തോടെയും പഠിപ്പിക്കാനാവുക? അയ്യായിരത്തിൽ പരം പുരുഷന്മാർക്ക് വാഴ്ത്തിനൽകുമ്പോഴും ഒറ്റിക്കൊടുക്കുന്നവന് ഒരു ഖണ്ഡം മുറിച്ച് രക്തത്തിൽ മുക്കിക്കൊടുക്കുമ്പോഴും വാത്സല്യമല്ലാതെയൊന്നും നമുക്ക് കാണാനാവുന്നില്ലല്ലോ. സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പറഞ്ഞുതുടങ്ങും മുമ്പേ എത്രയോ തവണ പാത്രത്തിലെ കടുകുമണികളെ കിട്ടുാവും. പിന്നെയും മീനിനെയും വലയെയും തീരങ്ങളെയും ഓളങ്ങളെയും പടകിനെയും കാറ്റിനെയും കുറിച്ചെല്ലാം എന്തോരം കഥകൾ പറഞ്ഞുകൊടുത്താലാവും അവൻ ഇത്തിരിയെങ്കിലും കഴിക്കുക.

പൂക്കളെ നോക്കി പുഞ്ചിരിക്കുകയും പൂമ്പാറ്റകളെ നോക്കി ആശ്ചര്യത്തോടെ കൺമിഴിച്ച് നില്ക്കുകയും ചെയ്ത നേരത്താവും നിലംപറ്റെ കിടക്കുന്ന പുൽനാമ്പുകളുടെ സൗന്ദര്യം അമ്മ കാട്ടിക്കൊടുത്തത്.

എത്രയോ തവണ തന്റെ മകന്റെ സ്നേഹിതന്മാർക്കുവേ അമ്മ വിരുന്നൊരുക്കിയിട്ടുാവും. അതിലൊന്നിലും വീഞ്ഞ് തീർന്നുപോകാതിരിപ്പാൻ ശ്രദ്ധയോടെ കരുതിയിട്ടുാവും. അല്ലെങ്കിൽ പിന്നെ അയൽവീട്ടിലെ വിവാഹ വിരുന്നിൽ വീഞ്ഞ് തീർന്നുപോയെന്ന് അമ്മ മാത്രം എങ്ങനെയാണറിയുക?

മകനെയും കാത്തിരുന്ന അനേകം സായാഹ്നങ്ങളിൽ നിന്നാവും ഒരുപക്ഷേ വിശുദ്ധാത്മാവിനെ കാത്തിരിക്കുന്നതിന്റെ ക്ഷമ മകന്റെ സ്നേഹിതരെ അമ്മ പഠിപ്പിച്ചത്.

സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. അമ്മയെ ഉപേക്ഷിക്കാൻ ദൈവത്തിനു പോലുമാവില്ല. ക്രിസ്തു അങ്ങനെയാണ് പഠിപ്പിക്കുക. അമ്മമാരെ സ്നേഹിക്കുന്നതിന്റെ സംസ്കാരമാണ് കുരിശ് പഠിപ്പിക്കുക. ഒറ്റയ്ക്കാവുന്ന എല്ലാ അമ്മമാർക്കും ഒരു കുരിശുാവും കൂട്ടിന്. കുരിശിന്റെ ചുവട്ടിൽ ഒരമ്മയും അനാഥയാകുന്നില്ല. സദനത്തിലെ അന്തേവാസിയാകുന്നില്ല.

"യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെസഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലനക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നതു കിട്ട്: സ്ത്രീയേ, ഇതാ നിന്റെ മകൻ എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട്: ഇതാ, നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊാു" (യോഹന്നാൻ 19:25-27)

അമ്മമാരുടെ പ്രാർത്ഥന നിറഞ്ഞൊഴുകുന്ന മിഴികളെ അവഗണിക്കരുതെന്നാണ് സഹയാത്രികരിലൊരുവന്റെ കൈകളിലേയ്ക്ക് അമ്മയെ ചേർത്തു നൽകിക്കൊ് ക്രിസ്തു ഓർമ്മിപ്പിക്കുക.

–സത്യമായും ഞാൻ നിങ്ങളോടു പറയുന്നു: മക്കളെ പ്രതി നോമ്പെടുക്കുന്ന അമ്മമാർ കുറഞ്ഞിട്ടാണോ എന്നറിയില്ല, അമ്മയെപ്രതി നോമ്പെടുക്കുന്ന മക്കൾ കുറഞ്ഞുവരികയാണ്.

'അടുപ്പുകല്ലിൽ നിന്നും തീന്മേശയിലേയ്ക്കുള്ള ദൂരം എത്രയാവർത്തി അമ്മ നടന്നിട്ടുാവുമെന്ന് എണ്ണിയാലൊടുങ്ങില്ല.' ശരിക്കും നമ്മെ നിലനിർത്തുകയും നിലയ്ക്ക് നിർത്തുകയും ചെയ്ത ആ 'വാത്സല്യദൂരം' എത്ര നിസ്സാരമായി മറന്നിട്ടാണ് പുതിയ നിലപാടുകളിലേയ്ക്കും 'ഇരുനില'കളിലേയ്ക്കുമൊക്കെ നാം താമസം മാറ്റുക. എന്നിട്ട് നമ്മുടെ മക്കളോട് നാം പറയാറില്ലേ. മാതാപിതാക്കളെ സ്നേഹിക്കുന്നവരാണ് നല്ലവരെന്ന്. തീർച്ചയായും അതങ്ങനെതന്നെയാണ്. ഈ വരികൾ ശ്രദ്ധയിൽ പെടണം. ഗീതോപദേശത്തിൽ നിന്നാണ്: 'നല്ലവരുടെ സ്ഥാനക്രമം എണ്ണിത്തുടങ്ങുമ്പോൾ ഏത് അമ്മയുടെ മക്കളുടെ പേര് ഒന്നാം പട്ടികയിൽ വരുന്നില്ലയോ, ആ അമ്മയും പ്രസവിക്കാത്ത സ്ത്രീയും തമ്മിൽ എന്താണ് വ്യത്യാസം?'

നല്ലവനായ മകനേ, അമ്മയെ സ്നേഹിക്കാതിരിക്കാൻ നമുക്കാവില്ല. സത്യമായും ദൈവശാസ്ത്രപരമല്ലാതെയും ചില കാരണങ്ങളു്. തികച്ചും ജൈവപരമായ കാരണങ്ങൾ കൊുതന്നെ അമ്മയെ സ്നേഹിക്കാൻ പഠിക്കണം. കുമുട്ടുന്ന ഓരോ കുരിശും അമ്മയുടെ സുരക്ഷിതത്വത്തെയാണ് ഓർമ്മിപ്പിക്കുന്നത്. അമ്മയിൽ നമ്മുടെ ശ്രദ്ധയുങ്കെിൽ എപ്പോഴാണ് ഒരു സ്ത്രീ അപമാനിക്കപ്പെടുക?

ഒന്നും പറയാതെ, പിന്നാലെ വന്ന് നൊമ്പരങ്ങൾ പെറുക്കിമാറ്റുന്ന അമ്മയെ തള്ളിപ്പറയാതിരിക്കുക, അല്ല, നിശ്ചയമായും ഉച്ചത്തിൽ സ്നേഹിക്കുക തന്നെ ചെയ്യുക. ഇതാവണം നമ്മുടെ യൗവ്വനത്തിന്റെ തീരുമാനവും കല്പനയും.

**പൂരകം:** "ഞാൻ വായിച്ചിട്ടുള്ള ഏറ്റവും നല്ല പുസ്തകം എന്റെ അമ്മയാണ്." – എബ്രാഹം ലിങ്കൺ

# പ്രതിവാരധ്യാനം

ഫാ. ജെറി ജോൺ മാത്യു

**22 ആഗസ്റ്റ് 2010**

**വാങ്ങിപ്പിനുശേഷം 1-ാം ഞായർ**

മർക്കോസ് 10:35-45

സമുന്നതവും ശ്രേഷ്ഠവുമായ പദവിക്കായി അവകാശവാദം ഉന്നയിക്കുന്ന രണ്ട് ശിഷ്യരുടെ ഈ കഥ വി. മത്തായി 20:20-28 ൽ അല്പം വ്യത്യസ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ ഈ രണ്ട് ശിഷ്യന്മാരുടെ അമ്മയാണ് മക്കൾക്കുവേണ്ടി ഈ ആവശ്യം ഉന്നയിക്കുന്നത്. രണ്ട് സന്ദർഭങ്ങളിലും ക്രിസ്തുവിന്റെ അധികാരത്തിലും ക്രിസ്തു സ്ഥാപിക്കുവാനിരിക്കുന്ന രാജ്യത്തിലും ഉള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ആവശ്യം ഉന്നയിക്കപ്പെടുന്നത്. ഈ വേദഭാഗത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ അർത്ഥം മനസ്സിലാക്കേണ്ടത് ആവശ്യമാണ്. യേശുവിൽ അടിസ്ഥാനപ്പെടുത്തി പുതിയ രാജ്യത്തിന്റെ അധികാരസ്ഥാനങ്ങൾ ക്രമീകരിക്കുവാൻ തയ്യാറെടുക്കുന്ന ശിഷ്യഗണത്തോടുള്ള യേശുവിന്റെ സമീപനം ശ്രദ്ധേയമാണ്. ദൈവരാജ്യപൂർത്തീകരണം എന്നത് ദൈവത്തിൽ കേന്ദ്രീകൃതമായ പുതിയ നിയമമാണ് എന്നതിനാൽ, ആര്, എവിടെ, എങ്ങനെയായിരിക്കണം എന്നത് ദൈവത്തിൽ മാത്രം നിലനിൽക്കുന്ന അധികാരപരിധിയിൽ പെടുന്നതാണ് എന്നും അതിന് അർഹത നേടുവാനുള്ള പ്രവൃത്തിയാണ് മുഖ്യമെന്നും യേശു ഇവിടെ ഓർമ്മപ്പെടുത്തുന്നു. ഏറ്റവും സമുന്നതമായത് ദൈവീക അധികാരമാണെന്ന യേശുവിന്റെ ആദ്യപാഠങ്ങളിലേയ്ക്ക് ഈ അദ്ധ്യായം വീണ്ടും ശിഷ്യരെ ക്ഷണിക്കുന്നു. ദൈവരാജ്യത്തിൽ അധികാരം ദൈവത്തിനു മാത്രം. ദൈവത്തിനുകീഴെ ഏവരും ഒന്നാണ്. ക്രിസ്തു സ്ഥാപിക്കുന്ന രാജ്യത്തിൽ പരമാധികാരി എന്ന സ്ഥാനം ദൈവത്തിനാണെന്നും ആ അധികാരം എല്ലാ അധികാരങ്ങൾക്കും മേലെയാണെന്നും യേശു ഓർമ്മിപ്പിക്കുന്നു. 10:42-45 വരെയുള്ള വാകൃങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കുക. ഭൗതീകവും സ്വർഗ്ഗീയവുമായ രാജ്യത്തിന്റെ വ്യത്യാസങ്ങൾ വളരെ ശക്തമായ വാക്കുകളിലൂടെ ക്രിസ്തു ഇവിടെ അവതരിപ്പിക്കുന്നു. ജാതികൾ എന്ന് ഇവിടെ യേശു ഉദ്ദേശിക്കുന്നത് ദൈവരാജ്യത്തിന്റെ പരിധിയിൽ വരാതെ ഭൗതീകാധികാരത്തിൽ മാത്രം വിശ്വസിക്കുന്നവരെയാണ്. ഭൗതീകാധികാരത്തിൽ യഹൂദന്മാരുടെ മേൽ രാഷ്ട്രീയമായും മതപരമായും അധികാരം നടത്തിയിരുന്നവരെയാണ് "ജാതികളിൽ അധിപതികളായവർ" എന്ന പ്രയോഗത്തിലൂടെ യേശു സൂചിപ്പിക്കുന്നത്. ഭൗതീകമായ ഈ അധികാര സീമയ്ക്കുള്ളിൽ മാത്രമേ ഇടത്തും വലത്തും ഇരുന്ന് മാനൃത നേടുവാനും പ്രത്യേക അവകാശലബ്ധി പ്രാപിക്കുവാനും സാധിക്കൂ. ഈ രീതിയിലുള്ള മാനദണ്ഡമല്ല സ്വർഗ്ഗരാജ്യഅധികാരങ്ങൾക്ക് അടിസ്ഥാനം. എന്നാൽ ഇപ്രകാരമുള്ള ഭൗതീകമായ അധികാര പാരമ്പര്യത്തിൽ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ സ്വർഗ്ഗരാജ്യത്തിലെ സ്ഥാനം ഉറപ്പുവരുത്തുവാൻ യാക്കോബും യോഹന്നാനും ശ്രമിക്കുന്നത് ഫലപ്രാപ്തി നേടുന്നില്ല. സ്വർഗ്ഗരാജ്യത്തിൽ സ്ഥാനലബ്ധിക്കുള്ള മാനദണ്ഡവും ഭൗതീകാധികാര നേട്ടത്തിന്റെ മാനദണ്ഡവും അവർ ചിന്തിച്ചതുപോലെ ഒന്നല്ല എന്നതാണ് കാരണം. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നതിനാൽത്തന്നെ ഏതൊരുവനേയും ചവിട്ടിമെതിച്ച് അധികാരക്കസേരകളിലെത്തുന്നതും പണവും സ്വാധീനവും ഉപയോഗിച്ച് അധികാരക്കസേരകളിൽ വാണരുളുന്നതും സ്വർഗ്ഗരാജ്യമൂല്യങ്ങൾക്ക് എതിരാണ് എന്ന് യേശു ഓർമ്മിപ്പിക്കുന്നു. "ജാതികളിൽ അധിപതികൾ" മാത്രമാണ് ഭൗതീകാധികാരത്തിനുവേണ്ടി ശ്രമിക്കുന്നത്. "എന്നാൽ നിങ്ങളോ അങ്ങനെയാകരുത്" എന്ന് യേശു ആഹ്വാനം ചെയ്യുന്നു. അധികാരക്കസേരയിലെത്തുവാൻ ആരെയും ചവിട്ടുപടികളാക്കുന്ന ഭൗതീകരാഷ്ട്രീയത്തിൽ നിന്ന് വ്യത്യസ്തമായി, ശുശ്രൂഷാമനോഭാവത്തോടെ സ്വയം ചവിട്ടുപടികളാക്കുക, മറ്റുള്ളവരെ പരിപാലിക്കുക എന്നതാണ് അധികാരങ്ങളുടെ യഥാർത്ഥ മാനദണ്ഡം എന്ന് യേശു വിശദീകരിക്കുന്നു.

എന്നാൽ ദൈവം സൃഷ്ടിയുടെ അവകാശങ്ങളെ ഹനിക്കുന്ന സ്വേച്ഛാധിപതി അല്ല. ഇവിടെ ദൈവം തന്റെ ഇഷ്ടപ്രകാരം പ്രവർത്തിക്കുന്നു എന്നല്ല, മറിച്ച് ദൈവരാജ്യത്തിന് അനുയോജ്യമായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം എപ്രകാരം സൃഷ്ടിജാലം വനിയോഗിക്കുന്നു എന്നതാണ് യഥാർത്ഥ മാനദണ്ഡം. സൃഷ്ടിയുടെ പ്രവൃത്തിക്കനുയോജ്യമായി അധികാരിയായ ദൈവം നൽകുന്ന പ്രതിഫലമാണ് മറ്റുള്ള എല്ലാഅധികാരങ്ങളും എന്നതാണ് ഇവിടെ യേശു അർത്ഥമാക്കുന്നത്.

നമ്മുടെ ചുറ്റും അധികാരത്തിനും, പേരിനും, പ്രശസ്തിക്കും വേണ്ടി പരക്കംപായുന്നവർ വളരെയധികമാണ്. ആദ്ധ്യാത്മീയ മണ്ഡലങ്ങളിൽ പോലും ദൈവരാജ്യ വീക്ഷണമുള്ളവർ വിരളമാണ്. മറ്റുള്ളവരുടെ നിലനിൽപിനു വേണ്ടി സ്വയച്ഛേദം വരുത്തുവാൻ തുനിയുന്ന യഥാർത്ഥ നേതാവിനെയാണ് ഇവിടെ ക്രിസ്തുവിനാവശ്യം. സ്വന്തം ജീവൻ മറുവിലയായിത്തന്ന് സൃഷ്ടിയെ മുഴുവനും വീണ്ടെടുത്ത ക്രിസ്തുവിനെ പിൻപറ്റുക എന്നതിനാണ് 45-ാം വാക്യത്തിലൂടെ ക്രിസ്തു നമ്മെ ക്ഷണിക്കുന്നത്. ക്രിസ്തോന്മുഖരായി ജീവിക്കുവാൻ നമുക്കാവട്ടെ.

**29 ആഗസ്റ്റ് 2010**

**വാങ്ങിപ്പിനുശേഷം 2-ാം ഞായർ**

ലൂക്കോസ്. 11:9-20

"കരയുന്ന കുഞ്ഞിനേ പാലുള്ളൂ" എന്ന പഴമൊഴി നമുക്ക് സുപ

രിചിതമാണല്ലോ? യാചിക്കുക, അന്വേഷിക്കുക, മുട്ടുക എന്നീ പ്രവൃത്തികളുടെ അനന്തരഫലം അഭ്യർത്ഥിച്ചത് കിട്ടും എന്നതാണ്. എന്നാൽ 11, 12 വാക്യങ്ങളിൽ നാടകീയമായ ഉപമയിൽ ചോദിക്കുന്ന മൂന്ന് വസ്തുക്കൾ ശ്രദ്ധിക്കുക. അപ്പം, മീൻ, മുട്ട ഇവ മൂന്നും പാലസ്തീൻ പ്രദേശത്തുള്ള സാധാരണ ജനങ്ങളുടെ അടിസ്ഥാന ജീവനത്തിനുള്ള ഭക്ഷണവസ്തുക്കളായിരുന്നു. ഇതുവരെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്കു നേരെ മുഖം തിരിച്ചുവച്ച രാഷ്ട്രീയ-സാമൂഹിക- മതനേതാക്കളുടെ നയങ്ങളെയാണ് യേശു ഇവിടെ പൊളിച്ചുകാട്ടുന്നത്. ജനങ്ങൾ തങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്കുവേണ്ടി മുറവിളികൂട്ടുമ്പോൾ ജനവിരുദ്ധമായ നയങ്ങൾ നടപ്പിൽ വരുത്തുന്ന നേതാക്കളെയാണ് ക്രിസ്തു ചോദ്യം ചെയ്യുന്നത്. അപ്പം, മീൻ, മുട്ട എന്നീ അവശ്യസാധനങ്ങളിലൂടെ ഉപമിക്കുന്ന ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്കുവേണ്ടി അവർ അഭ്യർത്ഥിക്കുമ്പോൾ "നേതാക്കൾ" പകരം നൽകുന്നത് കല്ലും, പാമ്പും, തേളുമാണല്ലോ. ഈ മൂന്ന് സാധനങ്ങൾ പീഡനത്തിന്റെയും മരണത്തിന്റെയും പ്രതികാരത്തിന്റെയും അടയാളങ്ങളാണ്. വർഷങ്ങളായി യഹൂദാനാട്ടിലുടനീളമുള്ള സാധാരണ ജനങ്ങൾ തങ്ങളുടെ ദിനംപ്രതിയുള്ള നിലനിൽപിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി പോരാട്ടം നടത്തുമ്പോൾ യഹൂദാ നാട്ടിൽ തിരിഞ്ഞും മറിഞ്ഞും ഭരിച്ച മതപ്രമാണികളും സാമ്രാജ്യശക്തികളും ജനങ്ങൾക്കു നൽകിയത് ക്രൂരമായ പീഡനങ്ങളും മരണവും മാത്രമായിരുന്നു. ചുങ്കപ്പിരിവുകളിലൂടെയും നികുതിപിരിവുകളിലൂടെയും സാധാരണജനങ്ങളെ ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന ഭൗതീക നേതൃവർഗ്ഗത്തെ ഈ ഉപമയിലൂടെ നിശിതമായി ക്രിസ്തു വിമർശിക്കുന്നുണ്ട്. എന്നാൽ ഈ പ്രശ്നം ഇവിടെ ഉപേക്ഷിക്കാതെ പുതിയ ജീവിതസാഹചര്യം വാഗ്ദാനം ചെയ്യുന്ന ദൈവരാജ്യത്തിന്റെ നിയമങ്ങളെ ഭൗതീക ജിവിത സാഹചര്യങ്ങളുമായി യേശു തുലനം ചെയ്യുകയാണ്. ഭൗതീക നേതൃവർഗ്ഗം സാധാരണ മനുഷ്യവർഗ്ഗത്തിന്റെ തിന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു എന്ന് വിമർശിക്കുന്ന യേശു, സ്വർഗ്ഗ രാജ്യത്തിന്റെ "നേതാവ്" എന്ന നിലയിൽ ദൈവം തരുന്ന ദാനങ്ങളെപ്പറ്റി ഹൃദ്യമായി സംസാരിക്കുന്നു. ഇവിടെ പിതാവ് പരിശുദ്ധാത്മാവിനെ ദാനമായി നൽകുന്നു എന്ന് യേശു സൂചിപ്പിക്കുന്നു.

ചോദിക്കുന്നതെല്ലാം ലഭിക്കണമെന്ന് വാശിയുള്ളവരാണ് നമ്മൾ. അനന്തമായ ആഗ്രഹങ്ങളും ആവശ്യങ്ങളും നമുക്കുള്ളപ്പോൾ ചോദ്യത്തിനനുസരിച്ച് ലഭ്യതയില്ലാതെ വന്നാൽ പലപ്പോഴും ദൈവത്തിലുള്ള വിശ്വാസം പോലും നാം പുനഃപരിശോധിക്കാറില്ലേ? ചോദിക്കും മുമ്പേ നമ്മുടെ ആവശ്യങ്ങളറിയുന്ന ഒരു ദൈവത്തെയാണ് വേദം പരിചയപ്പെടുത്തുന്നത്. വിശപ്പുള്ളവന് ഭക്ഷണം നൽകുന്ന പ്രായോഗിക സുവിശേഷത്തിന്റെ വക്താക്കളാകുവാൻ നമുക്കാകട്ടെ.

**5 സെപ്തംബർ 2010**

**വാങ്ങിപ്പിനുശേഷം 3-ാം ഞായർ**

മത്തായി 17:22-27

ഒരു വിചിത്രമായ അത്ഭുത വിവരണം ഈ വേദഭാഗത്തു കാണാം. മത്സ്യത്തിന്റെ വായിൽ നിന്ന് ദ്രഹ്മ പണം കണ്ടെത്തി ചുങ്കം അടയ്ക്കുവാൻ കല്പിക്കുന്ന യേശു. മറ്റൊരു സുവിശേഷങ്ങളിലും ഈ അത്ഭുതപ്രവൃത്തി കാണുന്നില്ല. വി. മത്തായി ചുങ്കം പിരിവുകാരനായിരുന്നു എന്നതിനാലാവണം ഈ അത്ഭുതത്തെ വ്യക്തമായി രേഖപ്പെടുത്തിയത്. ദ്വിദ്രഹ്മ പണത്തിന് യവനഭാഷയിൽ Didrachma എന്നും ചതുർദ്രഹ്മ പണത്തിന് Stater എന്നുമാണ് പ്രയോഗം.

യഹൂദന്മാരുടെ ദേവാലയത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനും ചുങ്കവും നികുതിയും പിരിക്കേണ്ടത് യഹൂദമക്കളിൽ നിന്നാണല്ലോ. എന്നാൽ ഇത് അങ്ങനെയായിരുന്നില്ല. യഹൂദന്മാരുടെ ദേവാലയപ്രവർത്തനങ്ങളിൽ പണം കണ്ടെത്തിയിരുന്നത് യഹൂദന്മാരല്ലാത്തവരിൽ നിന്ന് പിരിവ് സ്വീകരിച്ചുകൊണ്ടായിരുന്നു. വർഷത്തിലൊരിക്കൽ ലോകത്തിന്റെ ഏതുഭാഗത്തുള്ള യഹൂദരും ഈ കരം കൊടുക്കണം എന്ന് നിയമം അനുശാസിക്കുന്നെങ്കിലും, യേശുവിനെ ചൊടിപ്പിച്ചത് "അന്യജാതികൾ" എന്ന് യഹൂദന്മാർ മുദ്രകുത്തിയവരിൽ നിന്നുള്ള ചുങ്കം പിരിവാണ്. ഈ തെറ്റായ പ്രവണതയെ ഒരു ചോദ്യത്തിലൂടെ ശക്തമായി വിമർശിക്കുകയാണ് യേശു. എന്തുകൊണ്ടാണ് ഭൂമിയിലെ രാജാക്കന്മാർ സ്വന്തം മക്കളോടും പ്രജകളോടും ചുങ്കം വാങ്ങാത്തത് എന്ന് ചോദിക്കുന്ന ക്രിസ്തു ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ ചുങ്കം കൊടുക്കുന്നത് ശ്രദ്ധിക്കുക. ഈ ലോകം പ്രഭുക്കന്മാരുടെ "സ്വന്തം" എന്ന വലയത്തിൽ നിന്ന് വെളിയിൽ പോകുവാൻ വേണ്ടി പിരിവ് കൊടുക്കുകയാണ് ക്രിസ്തു. ഇത് ഒരു അടയാളം കൂടിയാണ്. ചുങ്കം പിരിക്കുന്നതിനോടും നികുതി കൊടുക്കുന്നതിനോടും പല സ്ഥലങ്ങളിലും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ള ക്രിസ്തു പക്ഷേ ഈ അവസരത്തിൽ ചുങ്കം കൊടുക്കുന്നത് ശ്രദ്ധേയമാണ്. ഭൂമിയിലെ രാജാക്കന്മാർക്ക് സ്വന്തമല്ലാത്തവർ മാത്രമാണ് കരം കെട്ടിയിരുന്നത് എന്നതിനാൽ അത് കെട്ടാത്തവർ രാജാക്കന്മാർക്ക് "സ്വന്തം" എന്ന് വരുമല്ലോ? അങ്ങനെ വരാതിരിക്കുവാനാണ് ക്രിസ്തു ഇവിടെ കരം കെട്ടുന്നത്. ഈ അദ്ധ്യായത്തിൽ ഭൗമീക ലോകവും സ്വർഗ്ഗരാജ്യ അനുഭവവും ക്രിസ്തു താരതമ്യപ്പെടുത്തുന്നു. കരം കെട്ടി രാജാക്കന്മാർക്ക് അന്യരായിത്തീരുന്നവർ സ്വർഗ്ഗരാജ്യത്തിന്റെ മക്കളായി മാറുന്നു എന്ന് യേശു ഓർമ്മപ്പെടുത്തുന്നു. സ്വർഗ്ഗരാജ്യ അംഗത്വമാണ് പരമപ്രധാനം.

സ്വജനപക്ഷപാതം വളരെയധികം ഇന്ന് നാം കണ്ടുവരുന്നു. സ്വന്തമെന്ന് കരുതുന്നവർക്ക് എല്ലാ സൗകര്യവും ഒത്താശയും ചെയ്തുകൊടുക്കുന്ന ഭരണസംവിധാനങ്ങൾ വിമർശന വിധേയമാകണം. ദൈവരാജ്യം ഏവർക്കും സ്വന്തമാണെന്നും ഏവരും ദൈവത്തിന് സ്വജനമാണെന്നും മനസ്സിലാക്കി ഏവരേയും തുല്യരായി കാണണം.

**12 സെപ്തംബർ 2010**

**വാങ്ങിപ്പിനുശേഷം 4-ാം ഞായർ**

മർക്കോസ് 6:1-6

ഒന്നും അതിൽത്തന്നെ നല്ലതും തീയതും അല്ലല്ലോ? ഒന്നിനെ നല്ലതെന്ന് കാണുവാൻ മറ്റൊന്നിനെ തിയത് എന്ന് നമ്മൾ മുദ്രകുത്തുന്നു. സാമൂഹിക ജീവിതത്തിലും തിന്മയിലൂടെയാണ് നാം നന്മയെ കണ്ടെത്തുന്നത്. നാം ഏവരും കുലമഹിമ പാടി നടക്കാറുണ്ടല്ലോ? നാം ഉൾപ്പെടുന്ന നമ്മുടെ സമൂഹം, നമ്മുടെ കുടുംബം, സഭ എന്നിങ്ങനെയുള്ളവയെ "നല്ലത്" എന്ന് നാം വിലയിരുത്തുന്നത് മറ്റൊന്നിൽ "തീയത്" കണ്ടെത്തുന്നതിലൂടെയാണ്.

ഭാരത സമൂഹത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ഇന്നും നിലനിൽക്കുന്ന ചതുർവർണ്ണ വിവേചനത്തിനു പിന്നിലും ഈ സത്യം തന്നെയല്ലേ? ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവരെ വർണ്ണത്തിൽ കൊണ്ടുവന്ന് ദളിതസമൂഹത്തെ എല്ലാറ്റിലും താഴെ പ്രതിഷ്ഠിച്ച് നാം നേടിയെടുത്തത് നാം "അഭിമാനിക്കുന്ന" നമ്മുടെ "ആഢ്യത്വവും," "ആഭിജാത്യവും," "കുലമഹിമ"യുമല്ലേ? ഇന്നും "സുറിയാനി ക്രിസ്ത്യാനികൾ" എന്ന് നാം പറയുമ്പോൾ ഈ വേലിക്കെട്ടിനു വെളിയിലുള്ളവർ നമ്മേക്കാൾ താഴ്ന്നവർ എന്ന് വിലയിരുത്തുമ്പോൾ അതിനൊക്കെ പിന്നിലുള്ള ഉദ്ദേശ്യം "നമ്മുടെ സമൂഹത്തിന്റെ" മാന്യത പുകഴ്ത്തപ്പെടുക എന്നതല്ലേ? ദളിതനും "സുറിയാനി" അല്ലാത്തവനും ക്രിസ്ത്യാനി അല്ല എന്നും പാരമ്പര്യമില്ലാത്തവർ എന്നും നാം വിലയിരുത്തുന്നത് ശരിയാണോ? "സുറിയാനിക്രിസ്ത്യാനിക്കു" മാത്രമാണ് സ്വർഗ്ഗം എന്ന് ചിന്തിക്കുന്നത് പ്രാകൃതമല്ലേ? ഈ വേദഭാഗം ശരിക്കൊന്ന് വായിക്കാം.

ഒന്നാം നൂറ്റാണ്ടിൽ മധ്യധരണി പ്രദേശത്ത് ദേശവാസികളും പ്രാദേശിക മതഭക്തരും തങ്ങളുടെ "ബഹുമാന്യത" അളന്നിരുന്നത് തങ്ങളുടേതന്നെ ദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. സാമൂഹിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ബഹുമാന്യതയുടെ അളവെടുപ്പുമൂലം ഉണ്ടായിരുന്ന പ്രശ്നങ്ങൾ പ്രകടമായിരുന്നു. യഹൂദർ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠർ, പുരുഷൻ സ്ത്രീയേക്കാൾ ശ്രേഷഠൻ, റോമാ പൗരൻ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ, യഹോവ മറ്റു ദൈവങ്ങളേക്കാൾ ശ്രേഷ്ഠൻ അങ്ങനെ പോകുന്ന ഉച്ചനീചത്വങ്ങളുടെ പട്ടിക ഇന്നും പൂരിപ്പിക്കപ്പെടുന്നു. വെള്ള തൊലിയുള്ളവർ കറുത്തവരേക്കാൾ ശ്രേഷ്ഠർ, എല്ലാവരും ദളിതരേക്കാൾ ശ്രേഷ്ഠർ, ക്രിസ്ത്യാനി മറ്റ് മതവിഭാഗക്കാരേക്കാൾ ശ്രേഷ്ഠർ, സുറിയാനിക്രിസ്ത്യാനി മറ്റ് ക്രിസ്ത്യാനകളേക്കാൾ ശ്രേഷ്ഠർ ഇങ്ങനെ പോകുന്ന ഇന്നത്തെ ലോകത്തോട് ക്രിസ്തു അനുശാസിക്കുന്ന കല്പനയാണ് ഈ വേദഭാഗത്തിന്റെ പ്രധാന ദൂത്.

നസ്രേത്ത് പട്ടണത്തിലാണ് യേശു. യേശുവിനെ ഏറ്റവും കൂടുതൽ അറിയാവുന്ന ജനസമൂഹത്തിനു മുന്നിൽ സ്വശിഷ്യരൊപ്പം ക്രിസ്തു വന്നിരിക്കുകയാണ്. യേശുവിന്റെ വാക്കിലും പ്രവൃത്തിയിലും അത്ഭുതപരവശരായ ജനസമൂഹം ആദ്യം തന്നെ യേശുവിനെ "ബഹുമാനിക്കുന്നു." എന്നാൽ "ബഹുമാന്യത"യുടെ അളവെടുക്കുന്ന ജനം യേശുവിന്റെ കുടുംബപശ്ചാത്തലം, രക്തബന്ധങ്ങൾ, പിതാവിന്റെ ജോലി, സാമൂഹിക തലം തുടങ്ങിയവ അന്വേഷിക്കുവാനും ഉദ്ഘോഷിക്കുവാനും ആരംഭിക്കുന്നു. ഈ പൊളിച്ചെഴുത്ത് എന്തിനുവേണ്ടി? യേശുവിനെ അംഗീകരിക്കുവാൻ വേണ്ടിയോ? അല്ല. തങ്ങൾ ശ്രേഷ്ഠരാണെന്ന് കാണിക്കുവാൻ, "ശ്രേഷ്ഠനല്ലാത്ത" ഒരാളെ കണ്ടെത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. യേശുവിനെ അവസാനം അവർ ഇപ്രകാരം വിലയിരുത്തിക്കാണും: തങ്ങൾ യേശുവിനെപ്പോലെ ഒരു തച്ചന്റെ മകനല്ലല്ലോ? തങ്ങൾ യേശുവിനെപ്പോലെ ഒരു 'ലോക്കൽ' അല്ലല്ലോ. എന്നാൽ യേശുവിന്റെ കഴിവുകൾ എവിടെനിന്ന് എന്നുണ്ടായ ചോദ്യം യഹൂദന്മാരുടെ സാമൂഹ്യ അരക്ഷിതത്വബോധത്തിൽ നിന്ന് ഉയർന്നതാണ്.

നമ്മുടെ മക്കൾ പരീക്ഷയിൽ മാർക്ക് കുറഞ്ഞുവാങ്ങിയാൽ അറിഞ്ഞോ അറിയാതെയോ നാം പറയാറില്ലേ: "അപ്പുറത്തെ വീട്ടിലെ കൊച്ചിനെ കണ്ടു പഠിക്ക്" എന്ന്. ഇങ്ങനെ പറയുമ്പോഴും അപ്പുറത്തെ വീട്ടിലെ കൊച്ചിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി നമ്മിലും താണതാണ് എന്ന് അറിയാതെ നാം ഉറപ്പുവരുത്താറില്ലേ? ഇവിടെ കണ്ടുപഠിക്കേണ്ടത് "ആ കൊച്ചിനുപോലും സാധിച്ചു. അത് നിനക്കെന്തുകൊണ്ട് സാധിക്കുന്നില്ല" എന്നതിൽ നിന്നാണ്. ഈ ചിന്തയും ഒരുതരം അരക്ഷിതത്വബോധത്തിൽ നിന്നും വരുന്നതാണ്.

ഇവിടെ തങ്ങൾക്ക് ഉണ്ടാവേണ്ടതും ഇല്ലാത്തതുമായ ഒന്ന് യേശുവിൽ ഉണ്ടെന്നു കണ്ടറിഞ്ഞ് അഭിനന്ദിക്കുവാനോ പ്രശംസിക്കുവാനോ ശ്രമിക്കാത്ത ജനം നിന്ദാപ്രകടനത്തിലൂടെ വെളിപ്പെടുത്തുന്നത് സ്വന്തം അരക്ഷിതാവസ്ഥയാണ്. ഇവിടെ യേശുവിന്റെ 'കുലമഹിമ' വെറും തച്ചന്റേതുമാത്രമാണ് എന്ന് ആശ്വസിക്കുന്ന ജനം യഥാർത്ഥത്തിൽ ഉയർത്തിക്കാണിക്കുന്നത് തങ്ങളുടേതന്നെ കൃത്രിമ വ്യക്തിത്വങ്ങളാണ്.

ഈ പ്രവണത നമ്മിൽ പലരിലുമുള്ളതാണ്. ഒരു വ്യക്തിയിലുള്ള കഴിവിനെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാത്ത നമ്മൾ പലപ്പോഴും അവരെ നിന്ദിക്കുന്നതുവഴി പ്രകടമാക്കുന്നത് നമ്മുടെ കഴിവുകേടാണ് എന്നു നാം തിരിച്ചറിയണം. എന്നാൽ ഈ നിന്ദനം അവരുടെ ബഹുമാന്യതയുടെ സാധ്യതകളെ അവരിൽ നിന്ന് മായ്ച്ച് കളയുന്നുമില്ല.

ഈ ചിന്താഗതികളോട് ക്രിസ്തുവിന്റെ പ്രതികരണം ശ്രദ്ധിക്കുക. നാലാം വാക്യത്തിൽ മൂന്ന് നിഷേധ വാക്കുകളിലൂടെ വെളിപ്പെടുത്തുന്ന സത്യം ശ്രേഷ്ഠമായ ഒന്നാണ്. ഒരു പ്രവാചകനും സ്വന്തം പട്ടണത്തിൽ ബഹുമാനിക്കപ്പെടുന്നില്ല എന്നാണ് യേശു പറയുന്നത്. ഇത് പഴയനിയമ പ്രവാചകന്മാരുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ യഹൂദാ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു പഴമൊഴിയാണ്.

മറ്റുള്ളവരേക്കാൾ "നല്ലവർ" എന്ന് കാണിക്കുവാൻ, മറ്റുള്ളവരുടെ മേൽ ചെളിവാരി എറിഞ്ഞ്, അവരിലുള്ള "നന്മ"യുടെ ഫലങ്ങൾ അനുഭവിക്കുവാൻ സാധിക്കാതെ പോകുന്നവരാകാതെ, ഏവരെയും അവരുടെ ജീവിതാനുഭവങ്ങളിൽ ബഹുമാനിക്കുക, ആദരിക്കുക. ആംഗലത്തിൽ ഒരു പഴമൊഴിയുണ്ട്: Give respect and take respect. (ബഹുമാനിക്കുക, ബഹുമാനിക്കപ്പെടുക)

**14 സെപ്തംബർ 2010**

**സ്ലീബാ പെരുന്നാൾ**

ലൂക്കോസ് 21:5-28

സൃഷ്ടിയുടെ ആരംഭം മുതൽ അതിന്റെ ചരിത്രത്തിൽ ദൈവം നിരന്തരമായി ഇടപെടുന്നു. നഷ്ടപ്പെട്ടുപോയ സമാധാനം പുനഃസൃഷ്ടിക്കുവാൻ, ദൈവത്തിന്റെ നിരന്തരമായ ഇടപെടലുകൾ ചരിത്രത്തിൽ ഉടനീളം വിവിധ മാദ്ധ്യസ്ഥങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. പഴയ നിയമ കാലഘട്ടങ്ങളിൽ ദൈവം ചരിത്രത്തിൽ ഇടപെട്ടത് മാനുഷിക മദ്ധ്യസ്ഥത്തിലൂടെയായിരുന്നു. മനുഷ്യന്റെ ചരിത്രത്തിൽ ദൈവം നടത്തിയ ഇടപെടലിന്റെ നേരിട്ടല്ലാത്ത പ്രവർത്തനങ്ങളായിട്ടേ മാനുഷിക മദ്ധ്യസ്ഥത്തെ നമുക്ക് കാണുവാൻ സാധിക്കൂ. എന്നാൽ പുതിയ നിയമ കാലഘട്ടത്തിൽ തന്റെ സ്വന്തം അവതാര പ്രക്രിയയിലൂടെ നേരിട്ട് മനുഷ്യചരിത്രത്തിൽ ദൈവം ഇടപെടുന്നു. അത് യേശുവാണ്, ഇമ്മാനുവേലാണ്. ഇവിടെ യേശു എന്നത് ദൈവത്തിന്റെ അവതാര പ്രക്രിയയുടെ മദ്ധ്യസ്ഥനോ അതിനായി "തിരഞ്ഞെടുക്കപ്പെട്ടവനോ" അല്ല, മറിച്ച് ദൈവം മനുഷ്യചരിത്രത്തിൽ ഇടപെടുവാൻ തിരഞ്ഞെടുത്ത ഒരു ഭാവമാണ്. അസാമാധാനം മാറ്റി സമാധാനം പുനഃസൃഷ്ടിക്കുന്നത് ക്രിസ്തുവെന്ന ഭാവത്തിലൂടെയാണ്. എന്നാൽ ഈ ക്രിസ്തുഭാവത്തിലുള്ള ദൈവീക ഇടപെടലിൽ ഏറ്റവും പ്രധാനപ്പെട്ട ചരിത്രസംഭവം ക്രൂശുമരണം തന്നെ എന്നിരിക്കെ ദൈവ ചരിത്രത്തിലും മനുഷ്യ ചരിത്രത്തിലും ക്രൂശ് അതിപ്രധാനമായ ചരിത്ര ഏടായി നിലകൊള്ളുന്നു.

1) ചരിത്രപരമായ ദൈവ-മാനവ സംയോജനത്തിന് ഉപാധികളില്ലാത്ത ഒരു മദ്ധ്യസ്ഥമാണ് കുരിശ്. മനുഷ്യന്റെ ചരിത്രം മനുഷ്യന്റേതു മാത്രവും ദൈവത്തിന്റെ ചരിത്രം ദൈവത്തിന്റേതു മാത്രവും എന്നതാണ് അവതാര പ്രക്രിയയ്ക്ക് മുമ്പുള്ള അവസ്ഥ. (സ്ഥലം - സമയം എന്നിവ പരിമിതികൾ ഇല്ലാത്തതായതിനാൽ ദൈവത്തിന് ചരിത്രമുണ്ട് എന്നു വേണം കരുതാൻ). സ്ഥല കാല പരിമിതികൾക്കും അപ്പുറമുള്ള ദൈവം എല്ലാ പരിമിതികളുമുള്ള മനുഷ്യാവസ്ഥയിലേയ്ക്ക് ഇടിച്ചിറങ്ങി മനുഷ്യ ചരിത്രത്തിന്റെ ഭാഗമായിത്തീരുകയാണ്. ഈ ദൈവീക ഇടപെടലിൽ മനുഷ്യൻ ദൈവചരിത്രത്തിന്റെ ഭാഗമാക്കപ്പെടുന്നു. ഈ ചരിത്രങ്ങളുടെ സംയോജനം പരിപൂർണ്ണമാക്കപ്പെടുന്നത് ക്രിസ്തുവിന്റെ ക്രൂശിൽ മാത്രമാണ്. ചരിത്രത്തിന്റെ ബലിപീഠമാകുന്ന കുരിശിൽ മനുഷ്യന്റെ പാപം, പരിമിതി, ദൈവത്തിന്റെ കൃപയുമായി, അപരിമിതമായി സംയോജിക്കപ്പെടുന്നു. ഇത് നൈമിഷികമായ ഒന്നല്ല മറിച്ച് നിരന്തരമാണ്. കാരണം ദൈവം സൃഷ്ടിയിൽ എന്നും ഇടപെടുന്നു. അങ്ങനെ ചരിത്രങ്ങളുടെ സംയോജനമായ, നിരന്തരമായ അനുഭവത്തിന്, ക്രൂശിലൂടെ സമാധാനം പുനഃസ്ഥാപിക്കുകയാണ് ദൈവം.

അസതോമാ സത്ഗമയാ, തമസോമാ ജ്യോതിർഗമയാ, മൃത്യോമാ അമൃതംഗമയാ എന്ന തത്വം നാം വളരെ കേട്ടിട്ടുണ്ടല്ലോ? അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും, ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കും, മരണത്തിൽ നിന്നും നിത്യതയിലേയ്ക്കും വഴി നടത്തുക എന്നതാണ് ഇവിടുത്തെ പ്രാർത്ഥന. എന്നാൽ ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗം വളരെ വ്യത്യസ്തമായിരുന്നു. ക്രിസ്തു നടത്തിയ മനുഷ്യാവതാരം ഒന്ന് ശ്രദ്ധിക്കാം. ക്രൂശിൽ കാണുന്ന ദൈവീക ഇടപെടൽ ഒന്ന് ശ്രദ്ധിക്കാം. ദൈവം മനുഷ്യനായി അവതരിക്കുന്ന അനുഭവം ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്കുള്ള പ്രയാണമല്ല, മറിച്ച് ഇരുട്ടിന്റെ അനുഭവത്തിലേയ്ക്കുള്ള വെളിച്ചത്തിന്റെ തീർത്ഥാടനമാണ്. അതായത് ക്രൂശിൽ പ്രകടമാകുന്നത് ഇരുട്ടിലുള്ള വെളിച്ചത്തിന്റെ വിജയമാണ്. ഇരുട്ട് എന്നാൽ പ്രകാശമില്ലാത്ത അവസ്ഥയാണല്ലോ? അങ്ങനെയെങ്കിൽ ഇരുട്ടിന് തനതായ അസ്ഥിത്വം ഇല്ലല്ലോ. ദൈവത്വം എന്ന പ്രകാശം, അതില്ലാത്ത ഇരുട്ടിന്റെ അനുഭവത്തിലേയ്ക്ക് ഇടിച്ചിറങ്ങുകയാണിവിടെ. ഇത് ഇരുട്ടിലേയ്ക്കുള്ള വെളിച്ചത്തിന്റെ തീർത്ഥാടനമാണ്. ഈ തീർത്ഥാടനത്തിന്റെ പരിസമാപ്തി കുരിശിലാണ്. അന്ധകാരത്തിനു നടുവിൽ ജ്വലിക്കുന്ന പ്രകാശഗോപുരമാണ് കുരിശ്. പ്രകാശം ഇരുട്ടിലാണ് ഉദിച്ചത് എന്നതിനാൽ ഇരുട്ടിന് ഇനി അസ്തിത്വം ഇല്ല. ക്രൂശ് ഇരുട്ടിലാണ് പ്രകാശം പരത്തുന്നത് എന്നതിനാൽ ഇവിടെ നിത്യവിജയം വെളിച്ചത്തിനു മാത്രമാണ്. ഇതാണ് കുരിശിന്റെ കഥ. കുരിശ് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് നമ്മെ നയിക്കുന്നില്ല. കുരിശ് എടുക്കുക അനുധാവനം ചെയ്യുക എന്നാൽ ഇരുട്ടിലേയ്ക്ക് പ്രകാശവാഹകരായി തീർത്ഥാടനം നടത്തുക എന്നാണർത്ഥം. ക്രൂശ് ഇവിടെ പ്രകാശം വഹിക്കുന്നു. പ്രകാശം എന്നത് ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവീക ഇടപെടലാണ്. ക്രൂശ് വഹിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നാം കുരിശിത രൂപങ്ങളായി തീരുക എന്നതാണ്. സമൂഹത്തിൽ ഇരുട്ടിൽ കഴിയുന്നവർക്ക് മുന്നിൽ കുരിശിതരൂപങ്ങളായി തീരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ഇന്ന് സ്ലീബാ പെരുന്നാൾ ക്രിസ്തുവർഷം 250 നും 330 നും ഇടയിൽ ജീവിച്ചിരുന്ന ഹേലേനി രാജ്ഞി (കുസ്തന്തിനോസ് ചക്രവർത്തിയുടെ മാതാവ്) വിശുദ്ധ നാട്ടിലേയ്ക്ക് ചെല്ലുകയും ഏതാണ്ട് ക്രിസ്തുവർഷം 313-നോടടുത്ത് ക്രിസ്തുവിന്റെ കുരിശ് കണ്ടെത്തുകയും ചെയ്തതിന്റെ വലിയ ഓർമ്മ നാം ആഘോഷിക്കുമ്പോൾ ക്രൂശിലൂടെ വെളിപ്പെട്ട പ്രകാശത്തിന്റെ വാഹകരാകാൻ, ക്രൂശിത രൂപങ്ങളാകാൻ, സമൂഹത്തിന്റെ ഇരുളിന്റെ മദ്ധ്യേ പ്രകാശഗോപുരങ്ങളാവാൻ നമുക്കാവട്ടെ.

■

സുഭാഷിതങ്ങൾ

# വാൾമുനയിൽ ഒരു ഹൃദയം

ഫാ. സക്കറിയ തോമസ്

കഴുകൻ തന്റെ കൂട് കടുംതൂക്കായ കൊടുമുടിയുടെ ശിഖിരങ്ങളിൽ കെട്ടുന്നതുപോലെ വി. മറിയാം തന്റെ ഹൃദയം വാൾമുനയിൽ സൂക്ഷിച്ചു. കൊടുമുടിയുടെ ശിഖിരങ്ങളിലെയും വാളിന്റെ മുനയിലെയും സുരക്ഷിതത്വം ഇഷ്ടപ്പെടുന്നവർക്ക് അവകാശപ്പെട്ടതാണ് ആത്മീയ ജീവിത്തിന്റെ ഭംഗികൾ. വാൾമുനയിലെ ഹൃദയം ജീവിതനൊമ്പരങ്ങളുടെ ചലനാത്മകമായ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. എവിടെയും സുഖമേഖലകളാണ് ഇന്നേറെയിഷ്ടപ്പെടുന്നത്. നിലവിലുള്ള സൽപ്പേരിനോ അനുഭവിച്ചുകൊണ്ടിരിക്കുന്ന രഹസ്യവും പരസ്യവുമായ കൊച്ചു കൊച്ചു സന്തോഷങ്ങൾക്കോ സംഭവിക്കുന്ന നേരിയ വ്യതിയാനങ്ങൾ പോലും നമ്മെ അസ്വസ്ഥരാക്കുന്നു.

ദേവാലയത്തിന്റെ ഉള്ളിലിരുന്ന് കുറുകുന്ന പ്രാവിനെപ്പോലെ ഉള്ളിലിരുന്ന് ചിലയ്ക്കുന്ന പക്ഷിയാണ് വിശ്വാസം. അത് ജീവിതത്തിന് ഭംഗി നൽകുന്നു. പുതിയ ചില പ്രതീക്ഷകളെ നമ്മുടെ ഹൃദയങ്ങളിൽ മുളപ്പിക്കുന്നു. പ്രതിസന്ധികളെ പ്രത്യാശയോടെ നേരിടാൻ ദൈവം ഉള്ളിലുണർത്തുന്ന ഊർജ്ജമാണത്. ഈ വിശ്വാസോർജ്ജത്തെ ഒരു മന്ത്രകോടിപോലെ വി. മറിയാം തന്റെ കൈവശം സൂക്ഷിച്ചു. ദൈവത്തിൽ ഉറപ്പിച്ച ഒരു ഹൃദയമായിരുന്നു മറിയാമിന്റേത്, അത് ശുദ്ധമായിരുന്നു.

ശിംശോൻ തന്റെ കൂട്ടുകാരിയെ ത്തേടി തിമ്നയിലേയ്ക്കുള്ള യാത്രയിൽ മുന്തിരിത്തോട്ടത്തിൽ വിശ്രമിച്ചപ്പോൾ ഒരു ബാലസിംഹം തന്റെ നേരെ പാഞ്ഞുവന്നു. ദൈവാത്മാവിനാൽ അവൻ അതിനെ നിശബ്ദമായി കീറിക്കളഞ്ഞു (ന്യായ 14:6) എന്നാണ് പഴയനിയമം പറയുന്നത്. സിംഹത്തിന്റെ ക്രൗര്യത്തെ ആട്ടിൻകുട്ടിയുടെ മൃദുലതയിൽ ഉൾക്കൊള്ളണമെങ്കിൽ ദൈവാത്മാവിലുള്ള വിശ്വാസത്തിൽ ജീവിതത്തെ ഉറപ്പിക്കേണ്ടതുണ്ട്. ഈ ഉൾബലത്തിൽ നാം ജീവിതാന്വേഷണത്തിൽ ഏർപ്പെടുമ്പോഴാണ് സിംഹത്തിന്റെ അസ്ഥികൂടത്തിൽ ഇരമ്പിയാർക്കുന്ന തേനീച്ചക്കൂട്ടവും തേൻകൂടും കണ്ടെത്താനാവുന്നത്. ജീവിതത്തിന്റെ ഏത് പ്രതിസന്ധികൾക്കിടയിലും ദൈവം നമുക്കായി ഒരു തേൻ കൂട് ഒളിപ്പിച്ചുവയ്ക്കുന്നു. വിശ്വാസക്കണ്ണുകൊണ്ടുള്ള അന്വേഷണത്തിൽ നമുക്ക് ഈ തിരുമധുരം കണ്ടെത്താനാവുന്നു. വി. മറിയാം കാൽവരിയോളം, അതിനുശേഷം ഇന്നയോളം ഈ അന്വേഷണത്തിലാണ്.

വടക്കൻ കേരളത്തിലെ തെയ്യം രൂപങ്ങളിലൊന്നാണ് തീ ചാമുണ്ഡി. തീ ചാമുണ്ഡി രംഗത്തവതരിപ്പിക്കുന്നയാൾ ഒരു പ്രത്യേക നിമിഷത്തിൽ കുന്നോളമുള്ള തീക്കൂനമേൽ കാലിന്മേൽ കാൽകയറ്റി വെച്ചുകൊണ്ട് നിസ്സാരഭാവത്തിൽ ചാരിക്കിടക്കുന്നു. ദൈവശക്തി ആവേശിക്കുന്നതാണ് ഈ തീച്ചൂടിൽ കയറിയിരിക്കുവാൻ അയാളെ പ്രേരിപ്പിക്കുന്നത് എന്ന് പറയപ്പെടുന്നു.

ജീവിതസാഗരത്തിൽ പ്രതിസന്ധികളുടെ തിരയടിക്കുമ്പോൾ ഇത് എന്നെയും കൊണ്ടുപോകും എന്ന തോന്നൽ വിശ്വാസരാഹിത്യത്തിന്റേതാണ്. ഓരോ പ്രതിസന്ധിയിലും ഇതും എന്നെ കടന്നുപോകും എന്ന ഹൃദയ വിചാരം വിശ്വാസത്തിന്റെ ദൃഢതയാണ് വെളിവാക്കുന്നത്. മറിയാം എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു എന്ന് സുവിശേഷം നമ്മോടു പറയുന്നത് ഈ ബലത്തെക്കുറിച്ചാണ്.

അദ്ധ്യാത്മിക യാത്രയിൽ നമുക്ക് ഒരമ്മയുടെ സാന്നിദ്ധ്യം ഒത്തിരി തണൽ തരുന്നുണ്ട്. ജീവിതത്തിന്റെ തീപ്പാതകളിൽ പെയ്യാൻ തുടങ്ങുന്ന മധുര മഞ്ഞിന്റെ ഓർമ്മയുണർത്തലാണ് വി. മറിയാം.

## Time Explains its Value

⑤

*Time is the most precious thing of our lives*
*Although we can't keep control on it, But if we manage*
*It in a constructive way, it often serves us with*
*The most memorable and successful experiences of our lives.*
*To realize the value of ONE YEAR,*
*ask a student who failed a grade.*
*To realize the value of ONE MONTH,*
*ask a mother who gave birth to a premature baby.*
*To realize the value of ONE WEEK,*
*ask the editor a weekly news paper.*
*To realize the value of ONE HOUR,*
*ask the lovers who are waiting to meet.*
*To realize the value of ONE MINUTE,*
*ask a person who missed the train.*
*To realize the value of ONE SECOND,*
*ask a person who just avoided and accident.*
*"A minute now is better than a minutes later."*
*Treasure every movement ! Yesterday is history.*
*Tomorrow is mystery.*
*Today is a gift. That's why it's called 'the present.'*

Collected by Aneena Elizabeth Bejoy

(2-ാം പേജിൽ നിന്ന് തുടർച്ച)

അറിവുകളിൽ നിന്ന് ലഭിക്കുന്ന ഉൾക്കാഴ്ചകൾ നമ്മിലെ സ്വത്വം കണ്ടെത്താൻ സഹായിക്കും. തീച്ചൂളയ്ക്കരികിൽ നിൽക്കുന്ന മൂന്ന് യുവാക്കൾ അവരുടെ മുമ്പിൽ ഒരു ചോദ്യവും രണ്ട് ഉത്തരവും 'ഉവ്വ്'എന്നത് ഈ ലോക ജീവിതത്തിലേയ്ക്കുള്ള തിരിച്ചുവരവും 'ഇല്ല' എന്നത് പരലോകത്തേയ്ക്ക് ഉള്ള പടിവാതിലും, ജീവിച്ചു കൊതിതീരാത്ത യൗവനത്തിന്റെ തുടിപ്പുകൾ ഇനിയും നിറഞ്ഞു നിൽക്കുന്ന ഈ യുവാക്കൾ പറഞ്ഞത് ഇങ്ങനെ. "ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവ് നിർമ്മിച്ച സ്വർണ്ണശിലയെ നമസ്കരിക്കുകയില്ല" (ദനി. 3:17,18). ഈ വാക്കുകളിൽ താങ്കൾ ആരാണെന്നുള്ള തിരിച്ചറിവും, വിളിയുടെയും നിയോഗത്തിന്റെയും ഒടുങ്ങിപ്പോകാത്ത സമർപ്പണവും നമുക്ക് ദർശിക്കാം.

തിരിച്ചറിവുകൾ നമുക്ക് പുതിയ ദർശനം നൽകുകയും നിയോഗത്തിന്റെ പൂർണ്ണതയിലേയ്ക്ക് നമ്മെ നയിക്കുകയും ചെയ്യും. ക്രിസ്തു നമുക്കു നൽകിയിരിക്കുന്ന നിയോഗം എന്നത് "അപരനെ സ്നേഹിക്കാനും അവന്റെ കണ്ണുനീരൊപ്പാനും." എന്നാൽ ഇന്ന് ഇത് വാക്കുകളിൽ മാത്രം ഒതുങ്ങുന്നു. വഴിയരികിൽ സഹായമർഹിച്ചു കിടക്കുന്നവനെ അറപ്പോടുകൂടി നാം ഉറ്റുനോക്കുമ്പോൾ, ലക്ഷങ്ങളിൽ നിന്നു കോടികൾ മുടക്കി മോടിപിടിപ്പിക്കുന്ന ആരാധനാലയങ്ങളിൽ ഇന്നു നാം ക്രിസ്തുവിനെ വീണ്ടും വീണ്ടും ക്രൂശിക്കുന്നു. ഒരു മേശയ്ക്കുചുറ്റും ഇരുന്ന് ആഹാരം കഴിക്കുന്ന പ്രിയപ്പെട്ടവരിൽ നിന്ന് നാം ഒരുപാട് അകലം സൂക്ഷിക്കുമ്പോൾ സമസൃഷ്ടിയുടെ നിലവിളി, നമ്മുടെ ഹൃദയങ്ങളിൽ നൊമ്പരമായി മാറാതെയിരിക്കുമ്പോൾ നമ്മിലെ നിയോഗത്തിന്റെ വഴികൾ നമ്മൾ നഷ്ടമാക്കിയെന്ന് നമ്മൾ തിരിച്ചറിയണം. നഷ്ടമായ ഈ വഴികളിൽ നിന്ന് ദൗത്യത്തിലേയ്ക്കുള്ള തിരിച്ചുവരവിന് സമയമായിരിക്കുന്നു. അപ്പോൾ മാത്രമേ നാം മനസ്സിലാക്കുകയുള്ളൂ അപരന്റെ കണ്ണുനീരിലും വേദനയുടെ കനലുണ്ടെന്ന്, അവന്റെ മുറിപ്പാടുകളിൽ നിന്ന് ഒഴുകുന്നത് രക്തത്തുള്ളികളാണെന്ന്. ആ മുറിവുകൾ നമ്മെ രൂപപ്പെടുത്തട്ടെ. ഈ രൂപാന്തരം തിരിച്ചറിവിലേയ്ക്കും നിയോഗത്തിന്റെ പൂർണ്ണതയിലേയ്ക്കും നമ്മെ നയിക്കട്ടെ. ഒരു പുതിയ സത്യത്തിലേയ്ക്കും ദർശനങ്ങളിലേയ്ക്കും നമ്മെ നയിക്കട്ടെ.

## ആദരാഞ്ജലികൾ

കഴിഞ്ഞ അരനൂറ്റാണ്ടുകാലം തിരുവല്ല കേന്ദ്രമായി നടന്ന ക്രൈസ്തവ പുരോഗമന പ്രസ്ഥാനങ്ങളുടെ നെടുംതൂണായി പ്രവർത്തിച്ചുവന്ന റവ. എം.ജെ. ജോസഫ് 2010 ജൂലൈ 11-ാം തീയതി നിര്യാതനായി. മദ്ധ്യതിരുവിതാംകൂറിൽ ഉണ്ടായ അനേക ജനകീയ സംഘടനകളുടെയും കൂട്ടായ്മകളുടെയും രൂപീകരണത്തിൽ ബ. അച്ചന്റെ പങ്ക് പ്രധാനമായിരുന്നു. അവയ്ക്ക് താത്വികമായ അടിത്തറയും പ്രായോഗികമായ രൂപരേഖയും നൽ കിയത് അദ്ദേഹമായിരുന്നു. വൈദിക ജീവിതത്തിൽ താനുദ്ദേശിച്ച സ്വതന്ത്രചിന്തയ്ക്കും അവഗണിക്കപ്പെട്ടവർക്കുവേണ്ടിയുള്ള പോരാട്ടത്തിനും പ്രാധാന്യം നൽകി ഒരു ബദൽ സഭാശുശ്രൂഷയ്ക്ക് മാർഗ്ഗദർശനം നൽകുവാൻ അച്ചന് കഴിഞ്ഞു. അദ്ദേഹത്തിന്റെ സഹധർമ്മിണി മിസ്സിസ് അന്നമ്മ ജോസഫും പൊതുരംഗത്ത് സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മരണാനന്തര ശുശ്രൂഷകൾ തോലശ്ശേരി സി.എസ്.ഐ. പള്ളി സെമിത്തേരിയിൽ നടന്നു. ബഹു. അച്ചന്റെ ദേഹവിയോഗത്തിൽ ഡയോസിസൻ ബുള്ളറ്റിനിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

എഡിറ്റർ

കവിത

## കാഴ്ചയും താഴ്ചയും

കണ്ണുകൾ തുറക്കുക
കാണുവാൻ ശ്രമിക്കുക

കണ്ണുകൾ തുറന്നാലും
കാണുവാൻ കഴിയാതെ

കണ്ണിന്റെ കാഴ്ചയാകെ
വീഴ്ചയായ് ഭവിക്കുകിൽ,

കണ്ണുകളെന്തിനാണ്
കേവലം ഭംഗിക്കാണോ?

കണ്ണുകളുണ്ടെങ്കിലും
കാഴ്ചയുമുണ്ടാകണം?

കണ്ണുകളില്ലെങ്കിലും
കാഴ്ചയുമുണ്ടായീടാം

കാണുന്നകണ്ണുകൾക്കും
കാണാത്ത കണ്ണുകൾക്കും

കാമ്യമായി കാണേണ്ടത്
കാഴ്ചയുമല്ലെന്നാണോ?

കാണേണ്ടതെല്ലാം കാണ്മാൻ
കണ്ണുകൾക്കായീടുമോ?

അകത്തും പുറത്തുമായ്
കണ്ണുകളെത്രയുണ്ട്?

അകത്തെ കണ്ണുകൾക്ക്
കണ്ണട വയ്ക്കാറില്ല,

അകത്തെ കണ്ണുകൾക്ക്
മനസ്സാ കണ്ണാടിയിൽ.

മനസ്സിൽ കാണുന്നത്
കണ്ണട കാണത്തില്ല,

അകത്തും പുറത്തുമായ്
കാണേണ്ടതെല്ലാം കാണ്മാൻ

കഴിവു പകരുന്ന
കാഴ്ചയ്ക്ക് പ്രാർത്ഥിച്ചീടാം

**വർഗീസ് കിഴക്കേമുറി**

# മേഖലാസംഗമം പുത്തൻകുരിശിൽ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ തിരുവാണിയൂർ മേഖലാസംഗമവും മലങ്കരസഭയിൽ പുതുതായി അഭിഷിക്തരായ മെത്രാപ്പോലീത്താമാർക്കുള്ള സ്വീകരണവും ജൂലൈ 25-ാം തീയതി ഞായറാഴ്ച പുത്തൻ കുരിശ് എം.ജി.എം. ഹൈസ്കൂൾ അങ്കണത്തിൽ ക്രമീകരിച്ച പരി. ബസേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതീയൻ നഗറിൽ വച്ച് ആവേശോജ്ജ്വലമായി നടന്നു.

ഇടവകകൾ തമ്മിലുള്ള പരസ്പര കൂട്ടായ്മയും ഐക്യവും ബലപ്പെടുത്തുവാനും അതുവഴി ശക്തമായ ക്രൈസ്തവ സാക്ഷ്യം സമൂഹത്തിന് നൽകുവാനും ഉതകണം എന്ന ലക്ഷ്യത്തോടെയാണ് പള്ളികളെ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ളത്. ഭദ്രാസനത്തിലെ 11 പള്ളികൾ ചേർത്താണ് തിരുവാണിയൂർ മേഖല രൂപീകരിച്ചിട്ടുള്ളത്. മേഖലയുടെ പ്രഥമസംഗമം തന്നെ വിഘടിത വിഭാഗത്തിന്റെ ശക്തികേന്ദ്രം എന്നവകാശപ്പെടുന്ന പുത്തൻകുരിശിൽ വച്ച് ഏറ്റവും ഭംഗിയായി നടത്തുവാൻ കഴിഞ്ഞു എന്നത് ചരിത്രമാണ്.

മേഖലാസംഗമത്തിനായി ഏകദേശം 3000 പേർക്കിരിക്കാവുന്ന കൂറ്റൻ പന്തലാണ് ഒരുക്കിയത്. ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് നവാഭിഷിക്ത മെത്രാപ്പോലീത്താമാരെ പുത്തൻ കുരിശ് സെയ്ന്റ് പീറ്റർ & സെയ്ന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നിന്ന് നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയോടെ സ്വീകരിച്ച് ദേശീയപാതയിലൂടെ കാവുംതാഴത്തുള്ള സമ്മേളന നഗറിലേയ്ക്ക് ആനയിച്ചു. മഴ കോരിച്ചൊരിഞ്ഞിട്ടും നൂറുകണക്കിന് വിശ്വാസികൾ തങ്ങളുടെ ഇടയന്മാരെ ആർപ്പുവിളികളോടെ വരവേല്ക്കുന്നത് ആവേശകരമായ കാഴ്ചയായിരുന്നു.

കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിന് ജനറൽ കൺവീനർ ഫാ. ഏലിയാസ് ചെറുകാട് സ്വാഗതം ആശംസിച്ചു. ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് സഭയുടെ ദേവാലയങ്ങൾ സംഘർഷ ഭൂമികളാക്കി പൂട്ടിക്കുകയും നിയമവിരുദ്ധമായ കയ്യേറ്റങ്ങളിലൂടെ പിടിച്ചടക്കുകയും വൈദീകരെയും വിശ്വാസികളെയും മർദ്ദിക്കുകയും വെട്ടിക്കൊല്ലുകയും ചെയ്യുമ്പോഴും സഹിഷ്ണുതയോടും ക്ഷമയോടും കൂടി ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിയമത്തിന്റെ വഴിതേടുന്നതാണ് ഓർത്തഡോക്സ് സഭയുടെ നയമെന്നും പ്രതിസന്ധികളുടെ മധ്യത്തിലും നിരാശരാകാതെ കരുത്തോടെ ഉണർന്നെഴുന്നേൽക്കുവാനുള്ള കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ തിരുമേനിയുടെയും വൈദീകരുടെയും വിശ്വാസികളുടെയും ഈ പരിശ്രമത്തെ മുക്തകണ്ഠം അഭിനന്ദിക്കുന്നു എന്നും നിയുക്ത കാതോലിക്ക തന്റെ ഉദ്ഘാടന പ്രസംഗത്തിൽ വ്യക്തമാക്കി.

പുത്തൻകുരിശിൽ വച്ച് ഇങ്ങനെയൊരു മഹാസംഗമം നടത്തുവാൻ കഴിഞ്ഞത് അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ എടുത്ത സഭാ യോജിപ്പിന്റെ നിലപാട് കൊണ്ടു മാത്രമാണെന്നും അവരുടെ നിലപാടിലുള്ള അംഗീകാരമാണ് ഇവിടെ കൂടിയിരിക്കുന്ന ഈ വലിയ സമൂഹം എന്നും യോഗത്തിൽ ആശംസാ പ്രസംഗം നടത്തിയ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ് പ്രസ്താവിച്ചു.

ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ പോളിക്കാർപോസ്, സഭാ അല്മായ ട്രസ്റ്റി എം.ജി. ജോർജ് മുത്തൂറ്റ്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ശ്രീ. കെ.പി. ധനപാലൻ എം.പി., ശ്രീ. എം.എം. മോനായി എം.എൽ.എ., വെരി. റവ. മത്തായി ഇടയനാൽ കോർ-എപ്പിസ്കോപ്പ, ഫാ. എബ്രഹാം കാരാമ്മേൽ എന്നിവരും ആശംസകൾ നേർന്നു. കണ്ടനാട് ഭദ്രാസനത്തിലെ പള്ളികളുടെ വിവരങ്ങൾ അടങ്ങിയ ഡയറക്ടറി 'സമന്വയം 2010' ശ്രീ. ധനപാലൻ എം.പി. നിയുക്ത കാതോലിക്കാ ബാവായ്ക്ക് നൽകി പ്രകാശനം ചെയ്തു.

തുടർന്ന് നവാഭിഷിക്ത മെത്രാപ്പോലീത്താമാർ തങ്ങൾക്ക് നൽകിയ സ്വീകരണത്തിനും പുത്തൻകുരിശിൽ വച്ച് ഇത്ര മനോഹരവും അച്ചടക്കവും ജനപങ്കാളിത്തവും ഉള്ള മഹാസമ്മേളനം സംഘടിപ്പിച്ചതിലും നന്ദിയർപ്പിച്ചുകൊണ്ട് സംസാരിച്ചു. മേഖല ചെയർമാൻ ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ നന്ദി പ്രകാശിപ്പിച്ചു.

തിരുവാണിയൂർ മേഖലയുടെ സംഗമമായിരുന്നെങ്കിലും, സമീപ ഇടവകകളായ പുത്തൻകുരിശ്, വടവുകോട്, പഴന്തോട്ടം എന്നിവിടങ്ങളിലെ വികാരിമാരുടെയും അഭ്യുദയകാംക്ഷികളായ അനേകം വ്യക്തികളുടെയും സാന്നിധ്യവും സാമ്പത്തിക സഹായവും സമ്മേളനത്തിന്റെ വിജയത്തിന് കാരണമായി.



"ബാവ കണ്ണുകൾ രും ദാനം ചെയ്തല്ലോ, അച്ചാ!"

"രു കണ്ണുകളോടെ നരകത്തിൽ പോകുന്നതിനേക്കാൾ നല്ലത് കണ്ണുകളില്ലാത്തവനായി സ്വർഗ്ഗത്തിൽ എത്തുന്നതാണെന്നല്ലേ കർത്തൃവചനം."

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 2 വർഷത്തേ് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

N.R.No.:412140/90
Reg. No. KL/ALY/0041/2009-11 **DIOCESAN BULLETIN** 2010 August 15
Rs. 5/-

## ജൂബിലി ആഘോഷിച്ചു

കോലഞ്ചേരി: കണ്ടനാട് (വെസ്റ്റ്) ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ പുതുതായി വാഴിക്കപ്പെട്ട പതിനാല് മെത്രാപ്പോലീത്താമാർക്ക് സ്വീകരണവും മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷവും 2010 ആഗസ്റ്റ് 2-ാം തീയതി കോലഞ്ചേരി കാതോലിക്കേറ്റ് സെന്ററിലെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് നഗറിൽ നടന്നു. സമ്മേളനം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് ഉദ്ഘാടനം ചെയ്തു. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു.

## ജനറൽ സെക്രട്ടറിമാർ

മുൻ യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. വർഗീസ് വർഗീസിനെ വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറിയായും ഫാ. സ്റ്റീഫൻ വർഗീസിനെ യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറിയായും പരി. കാതോലിക്കാ ബാവാ നിയമിച്ചു. പുതിയ ജനറൽ സെക്രട്ടറിമാർക്ക് ബുള്ളറ്റിനിന്റെ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.

## ഭവനസഹായ പദ്ധതി

ഭവനരഹിതരായ സഭാംഗങ്ങൾക്ക് സഹായങ്ങൾ നൽകുവാനായി ആരംഭിച്ചിട്ടുള്ള ഭവനസഹായ പദ്ധതിയിലൂടെ 3015 ഭവനങ്ങൾ ഇതുവരെ നിർമ്മിച്ചു നൽകി. നടപ്പുവർഷത്തെ ഭവനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ നിർദ്ദിഷ്ഠ ഫോറത്തിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശയോടുകൂടി 2010 ഡിസംബർ 31 മുമ്പായി കൺവീനർ ഭവനസഹായ പദ്ധതി, ദേവലോകം പി.ഒ. കോട്ടയം 38 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## ചികിത്സാ സഹായം

കുവൈറ്റ് ഓർത്തഡോക്സ് ഇടവകയിലെ മാർ ബസേലിയോസ് മൂവ്മെന്റിന്റെ, മാർ തേയോ സോഷ്യസ് കാൻസർ കെയർ പദ്ധതിയിൽക്കൂടി നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു. അപേക്ഷാഫോമിന് ബന്ധപ്പെടുക.

സെക്രട്ടറി, ഹോളി ട്രിനിറ്റി ചാരിറ്റബിൾ സൊസൈറ്റി, ഓർത്തഡോക്സ് ചർച്ച് സെന്റർ, ഉള്ളൂർ മെഡിക്കൽ കോളേജ് പി.ഒ. തിരുവനന്തപുരം 695011

## കൗൺസിലിംഗ് കോഴ്സ്

സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ഭദ്രാസനത്തിലെ വൈദീകർക്കുവേണ്ടി നടത്തിവന്ന ഒരു വർഷത്തെ ഇന്റൻസീവ് കൗൺസിലിംഗ് കോഴ്സിന്റെ സമാപന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും മണ്ണൂത്തി ഗെദ്സീമോൻ അരമനയിൽ ഭദ്രാസനമെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ജൂലൈ 16-ാം തീയതി വെള്ളിയാഴ്ച നടന്നു. 2009 ജൂലൈയിൽ ആരംഭിച്ച് 2010 ജൂണിൽ അവസാനിച്ച പ്രസ്തുത കോഴ്സിൽ ഭദ്രാസനത്തിലെ മുഴുവൻ വൈദീകരും പങ്കെടുത്തു. ഫാ. ജോൺസൺ പുറ്റാനിൽ, ഫാ. ഷിബു കുര്യൻ, ഫാ. എഡ്വേർഡ് ജോർജ്ജ്, ശ്രീമതി ജിജി ജോൺസൺ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു.

## ഓർമ്മപ്പെരുന്നാൾ

കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ ഓർമ്മ സെപ്തംബർ 1-ാം തീയതി മൂവാറ്റുപുഴ അരമന കത്തീഡ്രലിൽ ആചരിക്കുന്നു. അന്നേ ദിവസം രാവിലെ 7.30 ന് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സക്കറിയ മാർ നിക്കോളാവോസ് തിരുമേനി വിശുദ്ധ ബലി അർപ്പിക്കും.

## പുതിയ നാല് ഭദ്രാസനങ്ങൾ

കോട്ടയം: പുതിയ നാല് ഭദ്രാസനങ്ങൾ കൂടി രൂപവല്ക്കരിക്കാൻ മലങ്കര ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചു. റാന്നി-നിലയ്ക്കൽ, അടൂർ- കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, ബ്രഹ്മവാർ എന്നിവയാണ് പുതിയ ഭദ്രാസനങ്ങൾ.

## ആദരാഞ്ജലികൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നേതൃത്വനിരയിൽ ദീർഘകാലം പ്രവർത്തിക്കുകയും പത്രപ്രവർത്തനത്തിലൂടെ ഏറെക്കാലം സാമൂഹ്യരംഗത്ത് പ്രശോഭിക്കുകയും ചെയ്ത പത്മഭൂഷൻ കെ.എം. മാത്യുവിന് ആദരാഞ്ജലികൾ! സഭയുടെ വ്യവഹാരത്തിലും ഒപ്പംതന്നെ സമാധാനപ്രക്രിയയിലും ശ്രീ. പി.സി. എബ്രാഹാമിനോടൊപ്പം പ്രവർത്തിച്ച അദ്ദേഹത്തോട് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഏറെ കടപ്പാടുണ്ട്. സഭാപുനരൈക്യ ചർച്ചകളിലും തുടർ നടപടികളിലുമെല്ലാം അദ്ദേഹത്തിന്റെ സജീവമായ സാന്നിധ്യം ഉണ്ടായിരുന്നു. അദ്ദേഹവുമായി വ്യക്തിപരമായ അടുപ്പം കഴിഞ്ഞ കാലങ്ങളിൽ സൂക്ഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ശ്രീ. കെ.എം. മാത്യുവിന് നിത്യശാന്തി നേരുന്നു. ദുഃഖിതരായ കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു.

ഡോ. തോമസ് അത്താനാസ്യോസ്

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha